20 ജൂലൈ 2026
വാല്യം. 36
ലക്കം. 13

# മരുപ്പച്ച
സമകാലിക പത്രിക

maruppacha@yahoo.com
www.maruppacha.com
Published from Thiruvalla on 20-07-2026

MEMBER: NEWS PAPERS ASSOCIATION OF INDIA
വില ₹ 10.00

## ഒരുക്കപ്പെട്ട ഹൃദയമുണ്ടെങ്കിൽ വചനത്തിന്റെ വ്യാപനം ശക്തമാകും: പാസ്റ്റർ സാം വർഗീസ്



**എഡ്മണ്ടൻ:** ഒരുക്കപ്പെട്ട ഹൃദയമുണ്ടെങ്കിൽ കേൾക്കപ്പെടുന്ന വചനത്തിന്റെ ശക്തമായ വ്യാപനം ഹൃദയത്തിലുണ്ടാകുമെന്നും അത് നമ്മുടെ പ്രവർത്തനങ്ങളെ വ്യത്യസ്തവും അത്ഭുതകരവുമാക്കുമെന്നും വെസ്റ്റേൺ പെന്തക്കോസ്ത് കോൺഫറൻസ് കൺവീനർ പാസ്റ്റർ സാം വർഗീസ് പ്രസ്താവിച്ചു. കാനഡയിലെ എഡ്മണ്ടൻ ലൈഫ് ചർച്ചിൽ ആരംഭിച്ച വെസ്റ്റേൺ പെന്തക്കോസ്ത് കോൺഫറൻസിന്റെ മുപ്പത്തിയാറാമത് സമ്മേളനം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു പാസ്റ്റർ സാം വർഗീസ്.വചനത്തിന്റെ കുറവല്ല ഒരുക്കപ്പെടുന്ന ഹൃദയങ്ങൾ ഉണ്ടാവുക എന്നതാണ് ഈ കാലത്തിന്റെ ആവശ്യമെന്നും നാം ഓരോരുത്തരും കേൾക്കുവാനും സ്വീകരിക്കുവാനും പ്രവർത്തിക്കുവാനും ഒരുക്കമുള്ളവരാവുകയാണെങ്കിൽ നമ്മുടെ പ്രവർത്തന മേഖലകൾ ദൈവത്തിന്റേതായി തീരുന്നത് നമ്മുടെ കണ്ണ് കൊണ്ടു കാണുമെന്നും അദ്ദേഹം പറഞ്ഞു. ഇത് വലിയൊരു കൊയ്ത്തിന്റെ കാലമാണ്. കർഷകൻ മികച്ച വിത്ത് ഒരുക്കമുള്ള നിലത്ത് വിതച്ച് അത്ഭുതകരമായ വിളവ് ശേഖരിക്കുന്നതിന്റെ ഉദാഹരണം വരച്ചു കാട്ടി മുപ്പതും അറുപതും നൂറും മേനി വിളവിനായി ജീവിതമാകുന്ന വിത്ത് നിലത്തു വീണ് ചാകുന്നതിന് ഓരോരുത്തരും സമർപ്പിക്കുവാനും പാസ്റ്റർ സാം വർഗീസ് ഉദ്ബോധിപ്പിച്ചു. പാസ്റ്റർ അലക്സാണ്ടർ ജോസഫ് അദ്ധ്യക്ഷനായിരുന്നു.

പാസ്റ്റർ ജോ തോമസ് ബാംഗ്ലൂർ പാസ്റ്റർ നിരുപ് അൽഫോൻസ് എന്നിവർ മുഖ്യ സന്ദേശം നല്കി. സിസ്റ്റർ രമ്യ സാറാ ജേക്കബിന്റെ നേതൃത്വത്തിൽ കോൺഫറൻസ് ഗായക സംഘം ഗാന ശുശ്രൂഷ നയിച്ചു.കോൺഫറൻസ് സെക്രട്ടറി ബ്രദർ റോണി സൈമൺ മാത്യൂസ് സ്വാഗത പ്രഭാഷണം നടത്തി.

(ശേഷം പേജ് 5)

## ബിഷപ്പ് ഡോ.ടി.സി ചെറിയാന്റെ വീടും വസ്തുവും സഭയ്ക്ക് നൽകി



**തിരുവല്ല:** ബിഷപ്പ് ഡോ ടി.സി ചെറിയാന്റെ തിരുവല്ല മഞ്ഞാടിയിലെ ബിഷപ്പ് ഹൗസും 17.5 സെന്റ് വസ്തുവും അദ്ദേഹത്തിന്റെ ആഗ്രഹ പ്രകാരം സഭയ്ക്ക് നൽകി. ഗൾഫ് ഇടവകകൾ സംയുക്തമായാണ് പ്രസ്തുത വസ്തു ബിഷപ്പ് ഡോ. ടി സി. ചെറിയാന്റെ പേരിൽ വാങ്ങി നൽകിയതും, ബിഷപ്പ് ഹൗസ് നിർമ്മിച്ച് നൽകിയതും. ഇതിനോടനുബന്ധിച്ച് നടന്ന പ്രാർത്ഥനാ ചടങ്ങിൽ ഗൾഫ് മേഖലയിലെ മുൻകാലപ്രവർത്തകരും ബിഷപ്പിന്റെ ബന്ധുക്കൾ ഉൾപ്പെടെയുള്ള വിശ്വാസ സമൂഹവും സഭാ ഭാരവാഹികളും പങ്കെടുത്തു. സഭാ സെക്രട്ടറി റവ. സജി മാത്യു അധ്യക്ഷത വഹിച്ചു. പ്രിസൈഡിംഗ് ബിഷപ്പ് ഡോ.ഏബ്രഹാം ചാക്കോ മുഖ്യസന്ദേശം നൽകി. ബിഷപ്പ് ഡോ. ടി.സി. സഭാ ട്രഷറർ റവ.സജി ഏബ്രഹാമിന് ഇതു സംബന്ധിച്ച രേഖകൾ കൈമാറി.

സിഎസ്ഐ ബിഷപ്പ് ഡോ.ഉമ്മൻ ജോർജ്, പ്രതിനിധി സഭാ അധ്യക്ഷൻ റവ. ഡോ.ജോൺ മാത്യു, ഉപാധ്യക്ഷൻ കെ. ഒ.രാജുക്കുട്ടി, ഡയോസിഷൻ സെക്രട്ടറി റവ.ജോർജ് ജോസഫ്, കെ.എം. ചെറിയാൻ, ജോർജ് ചെറിയാൻ എന്നിവർ സംബന്ധിച്ചു.

**മരുപ്പച്ച വാട്ട്സ് ആപ്പിൽ ലഭിക്കും**

മരുപ്പച്ച പത്രത്തിന്റെ പിഡിഎഫ് വാട്സാപ്പിൽ ലഭ്യമാണ്. നിങ്ങൾക്ക് ലഭിക്കുന്ന മരുപ്പച്ചയുടെ പിഡിഎഫ് സുഹൃത്തുക്കൾക്ക് അയച്ചു കൊടുത്ത് ഈ ശുശ്രൂഷയിൽ സഹകരിക്കുക. മരുപ്പച്ചയുടെ പിഡിഎഫ് സൗജന്യമായി ലഭിക്കുവാൻ ആവശ്യപ്പെടുക. 9961720195



## ഇറാക്ക് ക്രൈസ്തവരെ രാജ്യത്തേക്ക് തിരികെ വിളിക്കുന്നു



**ബാഗ്ദാദ്:** ഇറാക്കിലെ ക്രൈസ്തവ സമൂഹത്തെ രാജ്യത്തേക്ക് തിരികെ ക്ഷണിച്ച് ഇറാക്ക് പ്രധാനമന്ത്രി അലി ഫാലിഹ് അൽ സെയ്ദി. യുദ്ധത്തിന്റെയും പീഡനങ്ങളുടെയും കനൽവഴികൾ താണ്ടി ജന്മനാട് വിട്ടുപോകേണ്ടി വന്ന ക്രൈസ്തവരുടെ മടങ്ങിവരവ് ദേശീയ മുൻഗണനയാണെന്ന് പറഞ്ഞ പ്രധാനമന്ത്രി, അവർക്കായി വിപുലമായ പുനരധിവാസ പദ്ധതികളും പ്രഖ്യാപിച്ചു. കൽദായ

(ശേഷം പേജ് 5)

## കൊടുംകുറ്റവാളിയെ മോചിപ്പിക്കാനുള്ള നീക്കം അപലപനീയം: ക്രിസ്ത്യൻ ചർച്ചസ് ഫെഡറേഷൻ

**കോട്ടയം:** ഓസ്ട്രേലിയൻ മിഷനറി ഗ്രഹാം സ്റ്റെയിൻസിനെയും രണ്ട് മക്കളെയും ജീവനോടെ തീയിട്ടു കൊലപ്പെടുത്തിയ കേസിലെ മുഖ്യപ്രതിയെ ഉൾപ്പെടെയുള്ള കുറ്റവാളികളെ സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് മോചിപ്പിക്കാൻ ആലോചിക്കുന്ന ഒഡിഷ സർക്കാരിന്റെ നിലപാടിൽ ക്രിസ്ത്യൻ ചർച്ചസ് ഫെഡറേഷൻ (ഇഇഎ) ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി.

മോചനകാര്യത്തിൽ ഉചിതമായ തീരുമാനമെടുക്കാൻ ഒഡിഷ സർക്കാരിന്റെ സ്ക്രീനിംഗ് കമ്മിറ്റിയോട് സുപ്രീം കോടതി നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും, മാതൃകാപരമായ ശിക്ഷ അനുഭവിക്കേണ്ട ക്രൂരനായ ഒരു ഭീകരപ്രതിയാണ് ഇയാളെന്ന് യോഗം ചൂണ്ടിക്കാട്ടി. ഒരു വിദേശ മിഷനറിയെയും അദ്ദേഹത്തിന്റെപിഞ്ചുമക്കളെയും ജീവനോടെ



ചുട്ടുകൊന്ന പ്രതിക്ക്, അപേക്ഷ പരിഗണിച്ചു മോചനം നൽകിയാൽ അത് മറ്റു കുറ്റവാളികൾക്ക് നൽകുന്ന തെറ്റായ പരിലാളനയും പ്രോത്സാഹനവുമായി മാറുമെന്നും സംഘടന ആശങ്ക പ്രകടിപ്പിച്ചു. മതേതരത്വത്തിന് മാതൃകയായ ഭാരതത്തിൽ എല്ലാ മതവിശ്വാസികൾക്കും ജീവിക്കാനുള്ള സ്വാതന്ത്ര്യം ഭരണഘടന വിഭാവനം ചെയ്യുന്നുണ്ടെന്നും ഈ വിഷയത്തിൽ ഒഡിഷ സർക്കാർ നീതിപൂർവമായ തീരുമാനം കൈക്കൊ

(ശേഷം പേജ് 6)

## കൊച്ചുപ്പാപ്പൻ

ദാരാസിംഗിനെ മോചിപ്പിക്കുവാൻ ശ്രമം




ചരിത്രത്തിന്റെ ആവർത്തനം

## ക്ലോഡിയസിന്റെ ലേഖനം, ഗല്ലിയോന്റെ പേര് – ബൈബിൾ ചരിത്രം വിശ്വാസ്യം

**ഷാജി കാരയ്ക്കൽ**

**ഡെൽഫി, ഗ്രീസ്:** ഗ്രീസിലെ പുരാതന ഡെൽഫിയിലാണ് അവിശ്വസനീയമായ ഈ കണ്ടെത്തൽ. ക്രിസ്തുവിനുശേഷം 52ൽ റോമൻ ചക്രവർത്തി ക്ലോഡിയസ് മാർബിൾ ഫലകത്തിൽ എഴുതിയ ഒരു ഔദ്യോഗിക കത്തിൽ ഇങ്ങനെ വ്യക്തമാക്കുന്നു: 'ലൂഷ്യസ് ജൂനിയസ് ഗല്ലിയോൻ, എന്റെ സുഹൃത്തും അഖായ പ്രവിശ്യയുടെ ഗവർണറുമായ...'ബൈബിളിലെ പ്രവൃത്തികൾ 18:12–17ൽ വിവരിക്കുന്നത് ഇതേ ഗല്ലിയോനാണ്. കൊരിന്തിൽ അപ്പോസ്തലനായ പൗലോസിനെ വിചാരണ ചെയ്ത ഗവർണർ. ഗല്ലിയോൻ പ്രശസ്ത ഗ്രീക്ക് ദാർശനികനായ സെനക്കയുടെ സഹോദരനായിരുന്നു എന്നതും ചരിത്രം സ്ഥിരീകരിക്കുന്നു.




ഈ പുരാവസ്തു ലിഖിത ഫലകം പൗലോസിന്റെ കൊരിന്തിലെ ശുശ്രൂഷയുടെ സമയം ക്രി.വ. 51–52 ആയി കൃത്യമായി നിർണയിക്കുന്നു. ലൂക്കോസ് എഴുതിയ ബൈബിളിലെ വിവരണം പേര്, പദവി, പ്രവിശ്യ എല്ലാം തികഞ്ഞ കൃത്യതയോടെ ഉണ്ടെന്ന് ഇത് തെളിയിക്കുന്നു.

ഹൃദയസ്പർശിയായ ഈ കണ്ടെത്തൽ നമ്മോട് പറയുന്നു: ബൈബിൾ വെറും ഒരു പുസ്തകമല്ല. അത് യഥാർത്ഥ ചരിത്രത്തോടൊപ്പം നടക്കുന്ന ദൈവത്തിന്റെ ജീവനുള്ള വചനമാണ്. ഇരുപതു നൂറ്റാണ്ടുകൾക്ക് മുമ്പ് ഒരു ഗവർണറുടെ പേര് ഒരു കല്ലിൽ കൊത്തിവച്ചത് ഇന്ന് അനേകരുടെ വചനവിശ്വാസത്തെ ഉറപ്പിച്ചു നിർത്തുന്നു. ദൈവവചനം എന്നും സത്യമാണ്. അത് എന്നും നിലനിൽക്കും.

ചെയർമാൻ
**ജോൺ വർഗീസ്**

ചീഫ് എഡിറ്റർ
**അച്ചൻകുഞ്ഞ് ഇലന്തൂർ**

ഓവർസീസ് എഡിറ്റർ
**ഷാജി കാരയ്ക്കൽ**

ജനറൽ എഡിറ്റർ
**സ്റ്റാൻലി ജോർജ്**

എക്സിക്യൂട്ടീവ് എഡിറ്റർ
**ദീപ്തി അന്ന അച്ചൻകുഞ്ഞ്**

യു.എസ്. എക്സിക്യൂട്ടീവ് എഡിറ്റർ
**റവ. ചാക്കോ ജോർജ്ജ്**

അസോസിയേറ്റ് എഡിറ്റേഴ്സ്
**ഷിബു മുള്ളംകാട്ടിൽ**
**വർഗീസ് മാത്യു**
**ചാർലീസ് മാത്യു**
**മാത്യൂസ് പി. ജോൺ**
**ജോസ് ഐക്കരപ്പടി**
**റെഞ്ചി ജേക്കബ് ജോർജ്**
**ബെന്നി കൊച്ചുവടക്കേൽ**

സബ് എഡിറ്റേഴ്സ്
**ജെസ്സി വർഗീസ്**
**ജെയ് തോമസ് മാലിയിൽ**
**പൊന്നമ്മ സാം**


സ്പെഷ്യൽ റിപ്പോർട്ടേഴ്സ്
**റ്റീയെസ് കപ്പമാംമൂട്ടിൽ**
**റെജി വർഗീസ് വെണ്ണിക്കുളം**
**ജസ്റ്റസ് ചന്ദ്രബോസ്**
**സാം മാത്യു ന്യൂയോർക്ക്**

ജനറൽ കോ-ഓർഡിനേറ്റേഴ്സ്
**ജിജി ബറോഡ**
**ജോൺ മത്തായി അതിരുങ്കൽ**
**ജെയിംസ് മേമന**

കോ-ഓർഡിനേറ്റേഴ്സ്
**മഞ്ജു പീടിയേക്കൽ**
**ബെന്നി പാപ്പച്ചൻ ഒക്കലഹോമ**
**രാജൻ ഏബ്രഹാം**
**മോൻസി വളഞ്ഞവട്ടം ഡാളസ്സ്**
**ജോയി സാം ജേക്കബ് കാനഡ**

മരുപ്പച്ച

വാർഷിക വരിസംഖ്യ
ഇന്ത്യയിൽ : 200 രൂപ
യു.എസ്.എ. & കാനഡ : $ 50
ഇംഗ്ലണ്ട് : 20 പൗണ്ട്
ഗൾഫ് രാജ്യങ്ങൾ : 2000 രൂപ
**വരിസംഖ്യ അയയ്ക്കേണ്ട വിലാസം**
**മരുപ്പച്ച**
പ്ലാന്തോട്ടം കോംപ്ലക്സ്
തിരുവല്ല-1, കേരള - 689 101
ഫോൺ : 9961720195
maruppacha@yahoo.com
maruppacha@gmail.com




www.maruppacha.com
മരുപ്പച്ച
വെബ്സൈറ്റിൽ
Email: maruppacha @gmail.com
Whatsapp: 9961720195, 9961103983



# ഇപ്പോഴും നാം ഉണങ്ങിയ അസ്ഥികളുടെ താഴ്വര തന്നെ!

ലീനാർഡ് റാവൻഹിൽ
**തർജ്ജമ: എ.ഐ. ജോർജ്ജ്കുട്ടി**

ഒരു നൂറ്റാണ്ടു മുമ്പ് ഒലിവർ വെൻഡെൽ ഹോംസ് എഴുതി: നിത്യം ജ്വലിക്കുന്ന നിൻ സിംഹാസനത്തിൻ മുമ്പിൽ ഞങ്ങൾക്കു സ്വന്തമായെന്തു പ്രഭയുള്ളൂ?

ആ സിംഹാസനത്തിൽ ഉപവിഷ്ടനായിരിക്കുന്നത് ലോകത്തിന്റെ വെളിച്ചമായവനാണ്. അഗ്നി ജ്വലിക്കുന്ന നയനങ്ങളുള്ള ആ തേജോമയന്റെ മുമ്പാകെ നാം ഒറ്റയ്ക്ക് നില്ക്കേണ്ടിവരുമ്പോൾ സൂര്യനെപ്പോലെ പ്രകാശിക്കുന്ന ആ മുഖത്തേക്ക് നേരിട്ട് നോക്കാനുള്ള ധൈര്യം നമ്മിൽ ആർക്കെങ്കിലും ഉണ്ടാകുമോ? ആലോചിച്ചുനോക്കുക. അവനെ അംഗീകരിക്കാൻ കഴിയാത്ത ഒരു ലോകത്തിന്റെ അംഗീകാരത്തിനായി വല്ലാതെ യത്നിച്ച് ജീവിച്ചതിന്റെ ജാള്യതയാൽ, പരിശുദ്ധിയാൽ വിളങ്ങുന്ന അവന്റെ സന്നിധിയിൽ നില്പാൻ യോഗ്യരല്ലെന്നുകണ്ട്, നാം പിന്തിരിയുന്ന രംഗം സങ്കല്പിക്കാൻ കഴിയുന്നില്ലേ? ആ സിംഹാസനത്തിനു മുമ്പിൽ നിന്നുകൊണ്ട് തിരിഞ്ഞുനോക്കി, ഭൂമിയിൽ പൂർത്തിയാക്കിയ നമ്മുടെ മോക്ഷയാത്രയെ വിലയിരുത്തുമ്പോൾ, അവന്റെ തേജസ്സിന്റെയും കൃപയുടെയും വെളിച്ചത്തിൽ ഭൗമികമായ സകലതും നിഷ്പ്രഭവും ഇരുണ്ടതുമായി കാണപ്പെടും.

നമ്മുടെ പ്രാർത്ഥനാജീവിതം എത്ര ശുഷ്കവും ജീർണ്ണിച്ചതുമായിരുന്നുവെന്നും നമ്മുടെ വിശ്വസ്തതയിൽ വന്ന വീഴ്ചതാഴ്ചകളും നമ്മുടെ ത്യാഗങ്ങൾ എത്ര നിസ്സാരവും പരിതാപകരവുമെന്നും; നമ്മുടെ തീക്ഷ്ണത മങ്ങിക്കത്തുന്ന മെഴുകുതിരി നാളം പോലെയെന്നും; നമ്മുടെ ഭൗമിക നിക്ഷേപങ്ങളെല്ലാം പൊടിയായും; നമ്മുടെ സ്നേഹം മുടന്തുള്ളതായും വെളിപ്പെടുമ്പോൾ കണ്ണുനീർ ചാലുകളായൊഴുകും.

ന്യായവിധിയുടെ നാളിൽ കോടാനുകോടി ആത്മാക്കൾ നോക്കിനില്ക്കെ, മുഖപക്ഷമില്ലാത്ത ന്യായാധിപൻ നമ്മുടെ ജീവിതത്തിലെ പ്രവൃത്തികൾ ഓരോന്നും വിസ്തരിച്ച് നീതിയുള്ള വിധി കല്പിക്കുമ്പോൾ 'കൊയ്ത്തുകഴിഞ്ഞു, ഫലശേഖരവും കഴിഞ്ഞു, നീറുന്ന അപമാനത്തിൽ നിന്ന് നാം രക്ഷപ്പെടുകയുമില്ല.' ഈ ആത്മീയ യുദ്ധത്തിൽ നമ്മുടെ ആത്മാവിന്റെ വാൾ ഉപയോഗിക്കാത്തതിന് നാം കണക്കു പറയേണ്ടി വരികയില്ലേ? പ്രതികൂലസാഹചര്യമില്ലാഞ്ഞിട്ടും, വെറും നിസംഗത മൂലവും ശീലമായിത്തീർന്ന മടിയും ആലസ്യവും നിമിത്തവും, അവിടുത്തെ കല്പനകൾ ലംഘിച്ച കുറ്റത്തിന് നാം പിടിക്കപ്പെടുകയില്ലേ? എബ്രായലേഖനകർത്താവ് 'ഇന്ന്' എന്ന ദിവസത്തെപ്പറ്റി പലവട്ടം ഊന്നിപ്പറയുന്നു. അതെ, നമ്മുടെ 'ഇന്ന്' ഇപ്പോഴാണ്, എന്നാൽ അത് എപ്പോൾ അവസാനിക്കുമെന്ന് നമുക്ക് നിശ്ചയമുണ്ടോ? നമ്മുടെ അനുസരണക്കുറവും യാഗത്തിലെ ഊനവും തിരുത്തുവാനുള്ള അവസരം ഇപ്പോഴാണ്.

ക്രിസ്തുവിന്റെ സഭ (യഥാർത്ഥമായി വീണ്ടും ജനനം പ്രാപിച്ച വിശ്വാസികളുടെ സമൂഹം) അന്ധകാരശക്തികളുടെ ആക്രമണത്തിന് ഇത്രയധികം ഇരയായ ഒരു കാലം ഇതിനുമുമ്പ് ഉണ്ടായിട്ടില്ല എന്ന് എനിക്ക് ബോധ്യമുണ്ട്. കർത്താവിന്റെ പ്രാകാരത്തിൽ നാം സത്യസന്ധതയുടെ സ്നാനമേല്ക്കേണ്ടിയിരിക്കുന്നു. സത്യസന്ധത എന്നാൽ സത്യമായതെന്നർത്ഥം. സത്യം വേദനിപ്പിക്കുന്നതാകാം. ലോകരാജ്യങ്ങളിലെ ധാർമ്മിക അധഃപതനത്തിനെതിരായി ഒരു ചെറിയ ആഘാതം ഏല്പിക്കാൻപോലും (ശതകോടിക്കണക്കിന് പണം ചിലവഴിച്ച് നാം റേഡിയോ, ടെലിവിഷൻ മുതലായ മാധ്യമങ്ങളിലൂടെയും മെഗാ ക്രൂസേഡുകളിലൂടെയും നടത്തിയ സുവിശേഷ പ്രഭാഷണങ്ങൾക്ക്) സാധിച്ചിട്ടില്ലെന്ന യാഥാർത്ഥ്യം നാം അഭിമുഖീകരിക്കേണ്ടതുണ്ട്. നാം ഇപ്പോഴും ഉണങ്ങിയ അസ്ഥികൾ കൊണ്ട് നിറഞ്ഞ താഴ്വര തന്നെ!

ബെസ്സി പോർട്ടർ ഹെഡ് രചിച്ച ഈ ഗീതം ഇന്ന് എന്നത്തേക്കാളുമേറെ പ്രസക്തമാകുന്നു: ജീവശ്വാസമേ, ഞങ്ങളുടെമേൽ ശക്തിയായി ഊതണമേ, തിരുസഭയെ ജീവനും ശക്തിയും തന്ന് ഉണർത്തേണമേ, ജീവശ്വാസമേ വരിക, ഞങ്ങളെ ശുദ്ധീകരിക്ക, പുതുക്കുക, ഈ നാഴികയ്ക്ക് ചേരുംവിധം തിരുസഭയെ ഒരുക്കുക.

കർത്തനേ, ഞങ്ങളെ ജീവിപ്പിക്ക! തീക്ഷ്ണത മങ്ങുന്നോ? കൊയ്ത്തിനായി വിശാലമാം വയൽ വിളഞ്ഞുകിടക്കവേ കർത്തനേ, ഞങ്ങളെ ജീവിപ്പിക്ക- ലോകം കാത്തിരിക്കുന്നു! പ്രകാശം പരത്തുവാൻ തിരുസഭയെ പ്രാപ്തയാക്കുക.

ഒരു ആവിക്കപ്പലിന്റെ ബോയിലർ റൂമിൽ നിന്നാണ് ആ കപ്പൽ ഓടിക്കാനുള്ള ഊർജ്ജം ലഭിക്കുന്നത്. ആ ബോയിലർ റൂമിലെ തീ അണഞ്ഞാൽ, എങ്ങും വൃത്തിയും ഭംഗിയും ഉള്ളതായി കാണപ്പെടുമെങ്കിലും തണുത്ത് മരവിച്ചിരിക്കും. സഭയുടെ ആത്മീയ ജീവൻ നിലനിർത്തുന്ന ബോയിലർ റൂമാണ് പ്രാർത്ഥനാമുറി. അതിനുള്ളിൽ പക്ഷവാദം ചെയ്യുന്നവർക്ക് ഊർജ്ജം പകരുന്ന വിശുദ്ധമായ തീക്ഷ്ണത കെട്ടുപോയാൽ തണുപ്പ് വ്യാപിക്കും, ശക്തി നഷ്ടമാകും, നിർജ്ജീവത്വം വ്യാപിക്കും. പുറമെ നോക്കുമ്പോൾ എല്ലാം ഭംഗിയായി കാണപ്പെടുമെങ്കിലും അവിടെ ആത്മാക്കളുടെ വീണ്ടുംജനനം നടക്കുകയില്ല.



പലരും എന്നെ ഫോണിൽ വിളിച്ച് പറയാറുണ്ട്: ' ഞങ്ങളുടെ സഭ ഇവിടെ ബാക്കിയുള്ള സഭകളുടെ അത്രയും നിർജ്ജീവമായിട്ടില്ല; എങ്കിലും ഞങ്ങൾ അല്പപ്രാണികൾ തന്നെ, ഒരുമാതിരി ശീതോഷ്ണാവസ്ഥയിലാണ്.' ഇതേ കാര്യംതന്നെ പല പാസ്റ്റർമാരും എഴുതി അറിയിക്കാറുണ്ട്.

ശീതാവസ്ഥയിലിരിക്കുന്ന സഭയെ ദൈവം അവഗണിക്കുന്നു. ആത്മസാന്നിദ്ധ്യത്താൽ ഉഷ്ണവാന്മാരായിരിക്കുന്ന സഭയിൽ അവിടുന്ന് സന്തോഷിക്കുന്നു. എന്നാൽ ശീതോഷ്ണാവസ്ഥയിലുള്ള സഭയെ കർത്താവിന്റെ പരിശുദ്ധമായ വായിൽനിന്ന് ഛർദ്ദിച്ചുകളയും.

ശീതോഷ്ണാവസ്ഥയിലുള്ള സഭയ്ക്ക് വെളിപ്പാട് പുസ്തകത്തിൽ 'ലവോദിക്യ'സഭയെന്നായിരുന്നു പേര്. ഈ പേര് ആ സഭയ്ക്ക് വരുവാൻ കാരണം അവിടെ തീരുമാനങ്ങളെടുക്കുന്നത് ജനക്കൂട്ടത്തിന്റെ അഭിപ്രായത്തിനനുസരിച്ചായിരുന്നു, അല്ലാതെ പ്രാർത്ഥനയാലും ഉപവാസത്താലുമായിരുന്നില്ല. അവിടത്തെ ആലോചനായോഗങ്ങളിൽ ആളുകൾ നിറഞ്ഞു കവിഞ്ഞിരുന്നുവെന്നും, പക്ഷേ പ്രാർത്ഥിക്കാൻ അധികം പേര് എത്താറില്ലായിരുന്നുവെന്നും നമുക്ക് അനുമാനിക്കാം (നിങ്ങളുടെ സഭയുടെ സ്ഥിതിയും ഇതുപോലെ ആണോ?).

ലവോദിക്യ പട്ടണം വളരെ സമ്പന്നമായിരുന്നു, അവിടത്തെ സഭാജനങ്ങൾ സാമ്പത്തികമായി വളരെ ഉയർന്ന നിലവാരത്തിലായിരുന്നു. പണം ക്രയവിക്രയം ചെയ്യുന്നതിനുള്ള ബാങ്കിംഗ് സംവിധാനവും തൊഴിൽ മേഖലയും പ്രസിദ്ധമായ ആശുപത്രിസേവനവുമെല്ലാം ആ പട്ടണത്തിലുണ്ടായിരുന്നു. കൺമഷി അവിടെനിന്ന് ഉല്പാദിപ്പിച്ച് കയറ്റുമതി ചെയ്യുന്ന ഒരു ഉല്പന്നമായിരുന്നു, എന്നിട്ടും കർത്താവ് പറയുന്നു: 'നിനക്ക് കാഴ്ച ലഭിക്കേണ്ടതിന് കണ്ണിൽ എഴുതുവാൻ ലേപവും എന്നോട് വിലയ്ക്ക് വാങ്ങുവാൻ ഞാൻ നിന്നോട് ബുദ്ധിയുപദേശിക്കുന്നു. അവർ ഭൗതീകമായി സമ്പൽസമൃദ്ധിയിലാണ്, പക്ഷേ ആത്മീകമായി അവർ നിർഭാഗ്യരും അരിഷ്ടരും ദരിദ്രരും കുരുടരും നഗ്നരുമായിരുന്നു (വെളി. 3:17,18).

ശ്രേഷ്ഠ അപ്പോസ്തലനായ പൗലോസ് കൊലോസ്യയിലെ വിശ്വാസികൾക്ക് എഴുതുന്നത്, താൻ അവർക്കും ലവോദിക്യയിലുള്ളവർക്കും വേണ്ടി പ്രാർത്ഥനയിൽ വലിയ പോരാട്ടം കഴിക്കുന്നു (കൊലോ. 2:1). എന്നാണ്. നാലാം അധ്യായത്തിൽ എപ്പഫ്രാസിനെപ്പറ്റി സൂചിപ്പിക്കുന്നത് അവൻ കൊലോസ്യയിലും ലവോദിക്യയിലും ഉള്ളവർക്കുവേണ്ടി, അവർ തികഞ്ഞവരും, ദൈവഹിതം സംബന്ധിച്ച് ഒക്കെയും പൂർണ്ണനിശ്ചയമുള്ളവരും ആകേണ്ടതിന് വളരെ പ്രയാസപ്പെട്ട് പ്രാർത്ഥനയിൽ എല്ലായ്പോഴും പോരാട്ടം കഴിക്കുന്നുവെന്നത്രേ (4:12). പതിനാറാം വാക്യത്തിൽ പൗലോസ് പറയുന്നത്, ഈ ലേഖനം ലവോദിക്യയിലുള്ളവർക്ക് വായിക്കാൻ നല്കണമെന്നും, അവിടെനിന്നുള്ളത് കൊലോസ്യയിലുള്ളവർ വായിക്കണമെന്നുമാണ്. ഈ വിധത്തിൽ നോക്കുമ്പോൾ ആത്മീകമായി അവർ ഏറ്റവും ധനികരാകേണ്ടതിന് അനുകൂലമായ പശ്ചാത്തലം ഉണ്ടായിരുന്ന സഭയാണ് ലവോദിക്യയിലുള്ളത്. എന്നിട്ടും അവർ ഭൗതീകമായ ധനസമൃദ്ധിയിൽ പുകഴുന്നവരും ആത്മീകമായി കർത്താവിന്റെ മുമ്പാകെ ദരിദ്രരും നിർഭാഗ്യരും അരിഷ്ടരും ആയി കാണപ്പെട്ടു. ഇന്ന് നാമും നമ്മുടെ വിജ്ഞാനപ്രദമായ ശുശ്രൂഷകളെപ്പറ്റിയും വിവിധ തരം സഭാപ്രവർത്തനങ്ങളെക്കുറിച്ചും ജനങ്ങളെ ആവേശംകൊള്ളിക്കുന്നതിനുള്ള പ്രോഗ്രാമുകളെപ്പറ്റിയുമെല്ലാം വ്യർത്ഥപ്രശംസ നടത്തുന്നവരാണ്; പക്ഷേ അഗ്നിജ്വാലയ്ക്കൊത്ത കണ്ണുകളുള്ളവൻ നോക്കുമ്പോൾ നമ്മിൽ എന്തായിരിക്കും ദർശിക്കുക എന്നത് എന്നെ വിസ്മയിപ്പിക്കുന്നു.

അനേകം പ്രസംഗകർ തങ്ങളുടെ പ്രസംഗങ്ങളിൽ കണക്കുകൾ നിരത്തി അശ്ലീലസാഹിത്യം,

*(ശേഷം പേജ് 4)*



വചനപ്രകാരം 20

പി.എസ്. ചെറിയാൻ

# പരാതികളില്ലാതെ ജീവിതം

**പരാതികളില്ലാത്ത ജീവിതം എന്നാൽ പ്രശ്നങ്ങൾ ഇല്ലാത്ത ജീവിതം എന്നല്ല അർത്ഥം. മറിച്ച്, 'എന്റെ ദൈവം എന്നേക്കാൾ നന്നായി എന്നെ അറിയുന്നു, അവൻ എന്റെ കാര്യങ്ങൾ നോക്കിക്കൊള്ളും' എന്ന പൂർണ്ണമായ ശരണപ്പെടലാണ്. മറ്റുള്ളവരെ വിമർശിക്കുന്നതിന് പകരം അവരെ സ്നേഹിക്കാനും അവർക്കായി പ്രാർത്ഥിക്കാനും സാധിക്കുമ്പോഴാണ് ദൈവസ്നേഹം നമ്മിൽ പൂർണ്ണമാകുന്നത്. നമുക്കും നമ്മുടെ നാവിനെ പിറുപിറുപ്പുകളിൽ നിന്നും, ഹൃദയത്തെ പരാതികളിൽ നിന്നും കാത്തുസൂക്ഷിക്കാം.**

‘മറ്റുള്ളവരുടെ മുടിവെട്ടുന്ന ബാർബർമാരെപ്പോലെയാണ് വിമർശകർ; സ്വന്തമായി അതു ചെയ്യുകയില്ല‘ എന്ന് തോമസ് ആഡംസ് പറഞ്ഞിട്ടുണ്ട്. ‘വിദ്വേഷം കൊണ്ടു വിദ്വേഷം നശിപ്പിക്കാനാവില്ല. സ്നേഹം കൊണ്ടു മാത്രമേ അതിനെ ഇല്ലാതാക്കാൻ കഴിയൂ‘ എന്ന് ശ്രീബുദ്ധൻ പറഞ്ഞു. ശത്രുവിനെ സ്നേഹിക്കുവാനാണ് ക്രിസ്തു പഠിപ്പിച്ചത്.

ജീവിതത്തിൽ പ്രതിസന്ധികളും പ്രതികൂല സാഹചര്യങ്ങളും ഉണ്ടാകുമ്പോൾ സ്വാഭാവികമായി മനുഷ്യനിൽ ഉയരുന്ന ഒന്നാണ് പരാതികളും വിമർശനങ്ങളും പിറുപിറുപ്പുകളും. എന്നാൽ ഒരു ക്രിസ്തീയ ജീവിതാശൈലിയിൽ, ആത്മീയ പക്വത യുടെയും ദൈവസ്നേഹത്തിന്റെയും ഏറ്റവും വലിയ ലക്ഷണം എന്ന് പറയുന്നത് പരാതികളില്ലാതെ, ദൈവഹിതത്തിന് കീഴടങ്ങി ജീവിക്കുക എന്നതാണ്.

പരാതികളും വിമർശനങ്ങളും നിറഞ്ഞ ഒരു ഹൃദയത്തിൽ ദൈവത്തിന്റെ സമാധാനത്തിന് വസിക്കാൻ കഴിയില്ല. ക്രിസ്തീയ ആത്മീയതയിലെ കൃതജ്ഞതയുടെ വഴി നമുക്ക് ഹൃദയ സമാധാനം നൽകും.

ബൈബിൾ വെളിച്ചത്തിൽ, പരാതികളില്ലാത്ത ഒരു ആത്മീയ ജീവിതം എപ്രകാരം നയിക്കാം?

**1. പിറുപിറുപ്പ് ദൈവത്തിനെതിരെയുള്ള പാപം**

യിസ്രായേൽ ജനത്തിന്റെ മരുഭൂമിയിലെ യാത്ര നമ്മെ പഠിപ്പിക്കുന്ന വലിയൊരു പാഠമുണ്ട്. ദൈവത്തിന്റെ അത്ഭുതങ്ങളും അടയാളങ്ങളും കണ്ടിട്ടും അവർ തങ്ങൾക്കുണ്ടായ ബുദ്ധിമുട്ടുകളിൽ മോശെയ്ക്കും ദൈവത്തിനുമെതിരെ നിരന്തരം പിറുപിറുത്തു. ഇതിന്റെ പരിണതഫലം അവർക്ക് വാഗ്ദത്ത നാട് നഷ്ടമായി എന്നതാണ്.

പുതിയ നിയമത്തിൽ അപ്പൊസ്തലനായ പൗലൊസ് ഫിലിപ്പിയർക്ക് എഴുതിയ ലേഖനത്തിൽ ഇപ്രകാരം ഓർമ്മിപ്പിക്കുന്നു: ‘നിങ്ങൾ പിറുപിറുപ്പും വാദപ്രതിവാദവും കൂടാതെ എല്ലാം ചെയ്യുവിൻ‘ (ഫിലിപ്പിയർ 2:14).

യാതൊരുവിധ ആവലാതികളും ഇല്ലാതെ കാര്യങ്ങളെ സമീപിക്കുമ്പോഴാണ് നമ്മൾ ക്രിസ്തുവിന്റെ യഥാർത്ഥ അനുഗാമികളായി മാറുന്നത്.

**2. ആത്മീയ പക്വതയുടെ ലക്ഷണം**

ബുദ്ധിമുട്ടുകൾ വരുമ്പോൾ തളർന്നുപോകാതെ, ദൈവത്തിൽ ആശ്രയിക്കുന്നതാണ് ആത്മീയ പക്വത. സാഹചര്യങ്ങൾക്ക് മുകളിലേക്ക് നമ്മുടെ കണ്ണുകളെ ഉയർത്താൻ കഴിയണം.

വിശുദ്ധ യാക്കോബ് ശ്ലീഹാ തന്റെ ലേഖനത്തിൽ പറയുന്നു: ‘എന്റെ സഹോദരന്മാരേ, നിങ്ങളുടെ വിശ്വാസത്തിന്റെ പരിശോധന സഹിഷ്ണുതയെ ഉളവാക്കുന്നു എന്ന് അറിഞ്ഞ്, നിങ്ങൾക്ക് വിവിധ പരീക്ഷണങ്ങൾ ഉണ്ടാകുമ്പോൾ അത് പൂർണ്ണ സന്തോഷമെന്ന് എണ്ണുവിൻ’ (യാക്കോബ് 1:23). പരാതിപ്പെടുന്നതിന് പകരം പരീക്ഷണങ്ങളെ സഹിഷ്ണുതയോടെ നേരിടുമ്പോൾ അത് നമ്മെ ആത്മീയമായി കൂടുതൽ ശക്തരാക്കും.

**3. എല്ലാറ്റിനും നന്ദി പറയുന്ന ഹൃദയം**

പരാതികളെ ഇല്ലാതാക്കാനുള്ള ഏറ്റവും നല്ല മരുന്ന് ’കൃതജ്ഞത’ ഉള്ള ഹൃദയമാണ്. നമുക്ക് ലഭിക്കാത്തതിനെ ഓർത്ത് സങ്കടപ്പെടുന്നതിന് പകരം, ദൈവം നൽകിയ നന്മകളെ ഓർത്ത് നന്ദി പറയുകയാണ് വേണ്ടത്.

‘എല്ലാറ്റിനും നന്ദി പറയുവിൻ; ഇതല്ലോ നിങ്ങളെക്കുറിച്ച് ക്രിസ്തുയേശുവിൽ ദൈവഹിതം’ (1 തെസ്സലോനികൃർ 5:18). നല്ല സാഹചര്യങ്ങളിൽ മാത്രമല്ല, പ്രതികൂല സാഹചര്യങ്ങളിലും ദൈവത്തിന് നന്ദി അർപ്പിക്കാൻ സാധിക്കുന്നത് ആഴമായ ദൈവസ്നേഹത്തിൽ നിന്നാണ്.

**4. വിമർശനങ്ങൾ ഒഴിവാക്കുക**

മറ്റുള്ളവരെ കുറ്റപ്പെടുത്താനും വിമർശിക്കാനും മനുഷ്യസഹജമായി നമുക്ക് എളുപ്പമാണ്. എന്നാൽ ക്രിസ്തീയ സ്നേഹം മറ്റുള്ളവരുടെ ബലഹീനതകളെ താങ്ങുന്നതാണ്. യേശു മലയിലെ പ്രസംഗത്തിൽ അരുളിച്ചെയ്തു: ‘നിങ്ങൾ വിധിക്കപ്പെടാതിരിക്കേണ്ടതിന് വിധിക്കരുത്. നിങ്ങൾ വിധിക്കുന്ന വിധിയാൽ തന്നെ നിങ്ങളും വിധിക്കപ്പെടും’ (മത്തായി 7:12).

മറ്റുള്ളവരെ വിമർശിക്കുന്നതിന് പകരം അവരെ സ്നേഹിക്കാനും അവർക്കായി പ്രാർത്ഥിക്കാനും സാധിക്കുമ്പോഴാണ് ദൈവസ്നേഹം നമ്മിൽ പൂർണ്ണമാകുന്നത്. പരാതികളില്ലാത്ത ജീവിതം എന്നാൽ പ്രശ്നങ്ങൾ ഇല്ലാത്ത ജീവിതം എന്നല്ല അർത്ഥം. മറിച്ച്, ‘എന്റെ ദൈവം എന്നേക്കാൾ നന്നായി എന്നെ അറിയുന്നു, അവൻ എന്റെ കാര്യങ്ങൾ നോക്കിക്കൊള്ളും’ എന്ന പൂർണ്ണമായ ശരണപ്പെടലാണ്.

നമുക്കും നമ്മുടെ നാവിനെ പിറുപിറുപ്പുകളിൽ നിന്നും, ഹൃദയത്തെ പരാതികളിൽ നിന്നും കാത്തുസൂക്ഷിക്കാം. വിസ്തൃതമായ ഈ ആത്മീയ യാത്രയിൽ കൃതജ്ഞത നിറഞ്ഞ ഒരു ഹൃദയത്തോടെ മുന്നേറാൻ ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മെ സഹായിക്കട്ടെ.

# ഇപ്പോഴും നാം ഉണങ്ങിയ...താഴ്‌വര തന്നെ!

(4-ാം പേജ് തുടർച്ച)

വിവാഹമോചനം, കൊലപാതകം, ഗർഭഛിദ്രം, കുറ്റകൃത്യങ്ങൾ മുതലായവ എത്രമാത്രം വർദ്ധിച്ചിരിക്കുന്നു എന്ന് സ്ഥാപിക്കാറുണ്ട്. ഇതെല്ലാം വ്യക്തമാക്കുന്നത്, ന്യായവിധി ദൈവഗൃഹത്തിൽ ആരംഭിക്കാൻ സമയമായി എന്നത്രേ. ‘ഉപ്പിന് അതിന്റെ കാരം നഷ്ടമായിരിക്കുന്നു’ എന്നതാണ് ദുഃഖകരമായ യാഥാർത്ഥ്യം. ഉപ്പിനെപ്പറ്റി ഞാൻ കഴിഞ്ഞയിടെ ഗ്രഹിച്ച ഒരു പുതിയ അറിവ്, ഉപ്പിന് അതിന്റെ രുചി നഷ്ടപ്പെട്ടാലും അതിന്റെ രാസ സ്വഭാവം (വീര്യം) നഷ്ടപ്പെടുന്നില്ല എന്ന വസ്തുതയാണ്. അതായത്, സുഖപ്പെടുത്തുന്നതിനുള്ള അതിന്റെ ശക്തി നഷ്ടമാകുന്നതോടെ അത് കേടുവരുത്തുന്ന ഒരു വസ്തുവായി മാറും. അതുപോലെ, ശീതാവസ്ഥയിലുള്ള സഭയേക്കാൾ കൂടുതൽ കേടു വരുത്തുന്നത് ശീതോഷ്ണാവസ്ഥയിലുള്ള സഭയാണ്!

ഉണർവ്വിനുള്ള ദൈവത്തിന്റെ മാർഗ്ഗത്തിന് എന്താണ് പ്രസക്തി? കാരണം, മറ്റെല്ലാ മാർഗ്ഗങ്ങളും നാം പരീക്ഷിച്ചു തോറ്റു. സഭയുടെ ഗോപുരവാതില്ക്കൽ ഭിക്ഷ യാചിച്ചുകൊണ്ടിരിക്കുന്ന മുടന്തനെ സൗഖ്യമാക്കുന്നതിന് പകരം (അപ്പോസ്തല പ്രവൃത്തിയിലെ മൂന്നാം അദ്ധ്യായത്തിലെ ആ മുടന്തൻ ആത്മീയമായി മുടന്തുന്ന ലോകത്തിന്റെ പ്രതീകമാണ്) സഭയ്ക്ക് ഇപ്പോൾ മുടന്തു ബാധിച്ചിരിക്കുകയാണ്, അത് കർത്താവിന്റെ വേല ചെയ്യാനാവശ്യമായ പണത്തിനായി ലോകത്തോട് ഭിക്ഷചോദിക്കുകയാണിപ്പോൾ. ആശ്ചര്യം തോന്നുന്നുണ്ടോ? റേഡിയോയിലും ടെലിവിഷനിലും വന്ന് പ്രസംഗിക്കുന്നവർ തങ്ങളുടെ ആവശ്യങ്ങൾക്കായി അവനിൽ ആണോ ആശ്രയിക്കുന്നത്? ആണെങ്കിൽ അവർ ദുഷിച്ചുനാറിയ ലോകത്തെ സമീപിച്ച് വല്ലതും തരണേയെന്ന് നിലവിളിക്കുന്ന തങ്ങളുടെ ‘തെണ്ടൽ നാടക’ത്തിലേക്ക് നാഥന്റെ നാമം വലിച്ചിഴയ്ക്കുവാൻ ഒരിക്കലും ഒരുമ്പെടുകയില്ലായിരുന്നു.

ദേശത്തിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുവാൻ പലരും എന്നോട് ആവശ്യപ്പെടാറുണ്ട്. പക്ഷേ, ഞാൻ പ്രാർത്ഥിക്കുന്നത് അതിനായല്ല! സഭയുടെ രോഗം സൗഖ്യമാകുന്നതിനായിട്ടാണ് ഞാൻ പ്രാർത്ഥിക്കുന്നത്. അത് സംഭവിക്കുമ്പോൾ ദേശങ്ങളുടെ സൗഖ്യവും നടക്കും. സഭ എങ്ങനെയാണോ പോകുന്നത്, അതേപോലെ തന്നെ ലോകവും പോകും!

ഉപവാസവും കണ്ണുനീരുമാണ് ആവശ്യമായിരിക്കുന്നത്, അതിലേക്ക് നമുക്ക് മടങ്ങാം. “ ദൈവമേ, നീ ആകാശം കീറി ഇറങ്ങി വന്നെങ്കിൽ കൊള്ളായിരുന്നു” എന്ന് യെശയ്യാവിനോട് ചേർന്ന് (64:1) നമുക്കും അപേക്ഷിക്കാം. ഒരു കാര്യം ഉറപ്പാണ്, അത് കീറുവാൻ നമുക്ക് കഴിവില്ല, പ്രാർത്ഥനയല്ലാതെ നമുക്ക് മറ്റൊരു മാർഗ്ഗവുമില്ല, അതുകൊണ്ട് നാം പ്രാർത്ഥിച്ചേ പറ്റൂ. ഈ കാലഘട്ടത്തെ ‘ശാസ്ത്രയുഗം’ എന്നോ, ‘ആണവയുഗം’ എന്നോ ഒക്കെ വലിയ ഗമയോടെ വിശേഷിപ്പിക്കുന്ന ആളുകളുണ്ട്. എന്നാൽ ഈ കാലം, ‘ഇൻസ്റ്റന്റ്-അത്..,’ ‘ഇൻസ്റ്റന്റ്-ഇത്..’(തൽക്ഷണം) എന്നെല്ലാം പറയുന്ന ഒരുപാട് ഉല്പന്നങ്ങൾ മേടിക്കാൻ കിട്ടുന്ന അക്ഷമയുടെ യുഗം കൂടെയാണ്. ഈ പരക്കംപാച്ചിൽ സ്വഭാവം വിശ്വാസികളെപ്പോലും വല്ലാതെ സ്വാധീനിച്ചിട്ടുണ്ട്. ഒരിക്കൽ ഒരാൾ പ്രാർത്ഥിച്ചത്രേ: “ കർത്താവേ, എനിക്ക് ദീർഘക്ഷമ വേണം, അത് ഇപ്പോൾത്തന്നെ വേണം!” വാസ്തവത്തിൽ, കർത്താവിനായി കാത്തിരിക്കുന്നവർ ഏറെയില്ല. “ഞാൻ യഹോവയ്ക്കായി കാത്തുകാത്തിരുന്നു; അവൻ എങ്കലേക്ക് ചാഞ്ഞ് എന്റെ നിലവിളി കേട്ടു”(സങ്കീ. 40:1) എന്ന് പറയാൻ കഴിയുന്നവർ തീരെയില്ലാതായിരിക്കുന്നു. നാം നമ്മുടെ പരാതികൾ ദൈവത്തെ ബോധിപ്പിക്കാൻ ഓടിപ്പാഞ്ഞ് വരുന്നു; പക്ഷേ, അവിടുന്ന് നമ്മോട് സംസാരിക്കുന്നത് എന്തെന്ന് കേൾക്കാനായി കാത്തുനില്ക്കാൻ നാം മറക്കുന്നു. പത്തിൽ താഴെ അപേക്ഷകളുമായി എത്തുന്നവർക്കുവേണ്ടി പ്രത്യേകം ഒരു എക്സ്പ്രസ് വേ (അതിവേഗപാത) ഉണ്ടെന്ന മട്ടിൽ നാം അതിവേഗ പരിഹാരം പ്രതീക്ഷിക്കുന്നു.

ഏകദേശം ഒരു നൂറ്റാണ്ടു മുമ്പ്, കൃപയുടെ സാധ്യതകൾ എന്ന ഗ്രന്ഥത്തിൽ ഓസ്ബറി ലൗറി കൃപയുടെ ഒരു പരിച്ഛേദമായി വിശുദ്ധിയെപ്പറ്റി പരാമർശിച്ചിട്ടുണ്ട്. എന്നാൽ ശീർഷകത്തിലെ ‘സാധ്യതകൾ’ എന്ന പദം വളരെ ചിന്തനീയമാണ്-എത്ര വിപുലമായ സാധ്യതകളാണ് കൃപയ്ക്ക് ഉള്ളത്! ഒരിക്കൽ ഡോ. ടോസറുമായി സംഭാഷിക്കുമ്പോൾ, തന്റെ പതിവുശൈലിയിൽ കാര്യമായിട്ടുതന്നെ അദ്ദേഹം പറഞ്ഞത്, (തമാശ പറയുന്ന ആളായിരുന്നില്ല അദ്ദേഹം) “നാം നമ്മുടെ യജമാനനെ ആ വലിയ സിംഹാസനത്തിങ്കൽ കണ്ടുമുട്ടുമ്പോൾ അവന്റെ കണ്ണുകളിലേക്ക് നേരെ നോക്കാൻ അധികംപേർക്ക് കഴിയുമോയെന്ന് സംശയമാണ്. നാമെല്ലാം ശിരസ്സു കുനിക്കാൻ ബദ്ധപ്പെടും.” ശരിക്കും അത് അങ്ങനെ തന്നെയായിരിക്കും! അവിടെ നില്ക്കുമ്പോൾ നാം ഭൂമിയിൽ വച്ച് ചെയ്ത കാര്യങ്ങളെ മാത്രമല്ല കാണുക; നാം ചെയ്യാതെ വിട്ട കാര്യങ്ങളും, നിസ്സാര കാര്യങ്ങളെ പ്രധാനപ്പെട്ടതായും, പ്രധാനപ്പെട്ടവയെ നിസ്സാരമായും കണക്കാക്കിയതും തിരിച്ചറിയും. ആ മഹൽദിനത്തിൽ നാം എന്തെല്ലാം കാര്യങ്ങളായിരിക്കും തിരിച്ചറിയുക: ഇപ്പോൾ നാം വിചാരിക്കുന്നതിനേക്കാളും വളരെയധികം ജഡത്താൽ സ്വാധീനിക്കപ്പെട്ടിരുന്നുവെന്ന കാര്യം;

നമ്മിൽ വളരെ കുറച്ചുപേർ മാത്രമാണ് ദൈനംദിന ജീവിതത്തിൽ നിത്യതയുടെ മൂല്യങ്ങളെ മുൻനിർത്തിക്കൊണ്ട് ജീവിച്ചത് എന്ന കാര്യം; പുകഞ്ഞ് കരിപിടിച്ച ചില്ലിലൂടെ കാണുമ്പോലെ ആത്മീയമായി തീർത്തും മങ്ങിയ കാഴ്ചയുമായി ജീവിച്ചിട്ടും നമ്മൾ അതിൽ സംതൃപ്തരായിരുന്നുവെന്ന കാര്യം; നമ്മുടെ ജീവിതയാത്രയിൽ ആത്മീയ പിഗ്മികളു(ചെറിയ മനുഷ്യർ)മായിട്ടായിരുന്നു നമ്മുടെ ചങ്ങാത്തം മുഴുവനും; ആത്മീയ അതികായന്മാരുമായുള്ള ചങ്ങാത്തത്തിന് നാം കൊതിച്ചിരുന്നില്ല എന്ന കാര്യം; റേഡിയോയിലും ടെലിവിഷനിലുമെല്ലാം പ്രസംഗിക്കുന്ന പ്രസിദ്ധന്മാർ ചവച്ചരച്ച് വച്ചിരിക്കുന്ന ഭോജ്യങ്ങളെ അതേപടി വിഴുങ്ങുന്നതിൽ നാം സംതൃപ്തരായിരുന്നു എന്ന കാര്യം; പഴകി നിറംകെട്ടതും മറ്റുള്ളവർ തങ്ങൾക്ക് ചേരാത്തതിനാൽ എറിഞ്ഞുകളഞ്ഞതുമായ ഉപദേശങ്ങളാകുന്ന പഴയ കുപ്പായങ്ങളെ എടുത്ത് അണിയുന്നതിൽ നാം സംതൃപ്തരായിരുന്നുവെന്ന കാര്യം. ഭൂമിയിലെ നമ്മുടെ ചെയ്തികളെ നിരത്തിവച്ചിരിക്കുന്നത് നോക്കുമ്പോൾ വ്യക്തമാകുന്ന കാര്യങ്ങൾ: ‘സഭയുടെ’ പ്രോഗ്രാമുകളെ അമൂല്യനിധികൾ മറഞ്ഞുകിടക്കുന്ന സ്വർഗ്ഗീയ അനുഗ്രഹങ്ങളുടെ മഹാസമുദ്രമെന്ന് തെറ്റിദ്ധരിച്ചുപോയത്; ഘനമേറിയ വിഷയങ്ങൾക്കുവേണ്ടി പ്രാർത്ഥനയിൽ മല്ലയുദ്ധം ചെയ്യുന്നതിന് പകരം ആലസ്യത്തോടെ മൂടിപ്പുതച്ചു കിടന്ന് പേരിന് മാത്രമായി പ്രാർത്ഥന നടത്തിയത്; വെറും കഴമ്പില്ലാത്ത വിഷയങ്ങൾക്കുവേണ്ടി കഴിക്കുന്ന അപേക്ഷകൾ മാത്രമായിരുന്നു നമ്മുടെ പ്രാർത്ഥനകളെന്നും പ്രാണവേദനയിലായി അതിശ്രദ്ധയോടെ പ്രാർത്ഥിക്കുന്നതിനെപ്പറ്റി കാര്യമായ ഗ്രാഹ്യമൊന്നും നമുക്ക് ഇല്ലായിരുന്നു എന്നത്.

ഭൂമിയിലെ നമ്മുടെ മണ്ടത്തരങ്ങൾ തിരിച്ചറിഞ്ഞ് നാം കണ്ണീർ വാർക്കുകയും, “ദൈവം തന്നെ നമ്മുടെ കണ്ണിൽനിന്ന് കണ്ണുനീരെല്ലാം തുടച്ചുകളയുകയും ചെയ്യു”മെന്ന തിരുവെഴുത്ത് എന്തിനാണ് എഴുതിച്ചതെന്ന് അന്ന് നാം ഗ്രഹിക്കുകയും ചെയ്യും: ദൈവം നമ്മുടെ വഴികളെ അടച്ചുവച്ചപ്പോൾ, അത് തിരിച്ചറിയാതെ ദൈവീക നിർണ്ണയപ്രകാരം വച്ച തടസ്സങ്ങളെ തകർത്ത് മുന്നോട്ട് പോകാനുള്ള ശക്തിക്കായി അപേക്ഷിച്ചു കുഴഞ്ഞത് ഗ്രഹിക്കുമ്പോൾ, നാം മരിക്കുന്നതിന് ഒരുക്കമുള്ളവരാകുവാൻ ദൈവം കാത്തിരിക്കുമ്പോൾ ജീവിക്കാനുള്ള ശക്തി നല്കണമെന്ന് പ്രാർത്ഥിച്ചുകൊണ്ടിരുന്നത് തിരിച്ചറിയുമ്പോൾ, നമുക്ക് ദൈവം നല്കിയ കുരിശിനെ സഹിച്ചുകൊണ്ട് ജയാളിയാകുന്നതിന് ദൈവം ആഗ്രഹിച്ച സ്ഥാനത്ത്, നാം അത് മനസ്സിലാക്കാതെ നമ്മുടെ കുരിശ് നീക്കിത്തരുവാൻ പാടുപെട്ട് പ്രാർത്ഥിച്ചത് തിരിച്ചറിയുമ്പോൾ, “അവനെയും അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയെയും അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയെയും നാം അനുഭവിച്ചറിയേണ്ടതിന്” നാം മരിക്കണമെന്ന് ദൈവം താല്പര്യപ്പെട്ടപ്പോൾ ജീവനെ എടുക്കരുതേ എന്ന് കേണപേക്ഷിച്ചത് ഓർക്കുമ്പോൾ, നമ്മുടെ പ്രാർത്ഥനകളിൽ ചിറകടിച്ച് ഉയരുന്നതിന് പകരം കൂടുതൽ സമയവും നാം തൂവൽ മിനുക്കുന്ന പണിയായിരുന്നു ചെയ്തിരുന്നതെന്ന് തിരിച്ചറിയുമ്പോൾ. അതെ, നിത്യതയുടെ വീക്ഷണത്തിൽ നാം കാര്യങ്ങളെ ദർശിക്കുമ്പോൾ, ഭൗമീകമായ കാര്യങ്ങൾ തീർത്തും പ്രസക്തിയില്ലാതെ ഇരുണ്ടതായി കാണപ്പെടും. ഭൂമിയിലെ സ്വർണ്ണം വെറും കിട്ടം മാത്രമായിരിക്കും.

# 'അണയാത്ത അഗ്നിജ്വാല' പരിഷ്ക്കരിച്ച മൂന്നാം പതിപ്പ്

**തിരുവല്ല:** ഗ്ലോബൽ മീഡിയ മിഷൻ പുറത്തിറക്കുന്ന ഡോ. വി. പി. ഫിലിപ്പ് എഴുതിയ 'അണയാത്ത അഗ്നിജ്വാല: പരിശുദ്ധാത്മ ശാസ്ത്രവും ഉണർവ്വിൻ ചരിത്രവും' എന്ന ഗ്രന്ഥത്തിന്റെ പരിഷ്കരിച്ച മൂന്നാം പതിപ്പ് പ്രസിദ്ധീകരിച്ചു. പെന്തെക്കോസ്ത് മുന്നേറ്റത്തിന്റെ വേദശാസ്ത്ര അടിത്തറയാണ് പുസ്തകത്തിന്റെ പ്രധാന ഉള്ളടക്കം.
ഇന്ത്യയിലെയും പ്രത്യേകിച്ച് കേരളത്തിന്റെയും ഉണർവ്വിൻ ചരിത്രവും വിശദീകരിക്കുന്നു. പാസ്റ്റർ ഡോ. വിൽസൺ വർക്കി അവതാരികയും പാസ്റ്റർ ഡോ. കെ. ജെ. മാത്യു പഠനവും തയ്യാറാക്കിയിരിക്കുന്നുന്നു.

'ഉണർവ്വിന്റ അഗ്നിജ്വാലകൾ അണഞ്ഞിട്ടില്ല; അവ തലമുറകളെ സ്പർശിച്ചു ഇന്നും ജ്വലിച്ചുകൊണ്ടിരിക്കുന്നു. പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളും ഉണർവ്വുകളുടെ ചരിത്രവും ഒരുമിച്ചു തുറന്നു കാട്ടുന്ന ഈ ഗ്രന്ഥം, വിശ്വാസത്തെ ഉണർത്തുകയും ആത്മീയ ദാഹത്തെ ജ്വലിപ്പിക്കയും ചെയ്യുന്നു. വായിച്ചു മാറ്റി വയ്ക്കേണ്ട ഒരു പുസ്തകമല്ല, ഇതു ഉണർവ്വിനായി മുട്ടുകുത്തുന്ന ഒരു തലമുറയ്ക്കുള്ള ദൈവത്തിന്റെ ആഹ്വാനമാണ്.' ഡോ. വിൽസൺ വർക്കി അവതാരികയിൽ അഭിപ്രായപ്പെടുന്നു.

392 പേജുള്ള പുസ്തകത്തിന്റെ വില 550 രൂപയാണ്. ഇന്ത്യയിലെവിടെയും പോസ്റ്റേജ് സൗജന്യമാണ്. പുസ്തകം തപാലിൽ വാങ്ങുന്നവർക്ക് 'ദൈവമനുഷ്യന്റെ വിജയരഹസ്യങ്ങൾ' എന്ന പുസ്തകം സമ്മാനമായി ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് 9447358997 (വാട്സാപ്പ്, ഗൂഗിൾ പേ/ഫോൺ പേ നമ്പർ), 9961515487.

# പാസ്റ്റേഴ്സ് സെമിനാർ ജൂലൈ 28 മുതൽ മുട്ടുമണ്ണിൽ



ചിങ്ങവനം: ന്യൂ ഇന്ത്യാ ചർച്ച് ഓഫ് ഗോഡ് പാസ്റ്റേഴ്സ് സെമിനാർ ജൂലൈ 28, 29, 30 തീയതികളിൽ കുമ്പനാട് മുട്ടുമൺ ICPF ക്യാമ്പ് സെന്ററിൽ നടത്തപ്പെടും. ജനറൽ പ്രസിഡന്റ് പാസ്റ്റർ ആർ. ഏബ്രഹാം ഉത്ഘാടനം ചെയ്യുന്ന മീറ്റിംഗിൽ പാസ്റ്റേഴ്സ് ബിജു തമ്പി, റ്റി. എം. കുരുവിള, റോയ് മാത്യു (ബാംഗ്ലൂർ), സാം റ്റി. വർഗ്ഗീസ് (തിരുവനന്തപുരം), ബിനു തമ്പി തുടങ്ങിയവർ വിവിധ സെഷനുകളിൽ ശുശ്രൂഷിക്കും. പാസ്റ്റർ റ്റി. എം കുരുവിള (സ്റ്റേറ്റ് പ്രസിഡന്റ്).

# ഇറാക്ക് ക്രൈസ്തവരെ രാജ്യത്തേക്ക് തിരികെ വിളിക്കുന്നു

(1-ാം പേജ് തുടർച്ച)

കത്തോലിക്കാ സഭയുടെ പുതിയ പാത്രിയർക്കീസ് മാർ പോൾ മൂന്നാമൻ നോനയുമായി നടത്തിയ കൂടിക്കാഴ്ചയിലാണ് പ്രധാനമന്ത്രി അൽ സെയ്ദി ക്രൈസ്തവർക്ക് ഏറെ പ്രതീക്ഷ നൽകുന്ന പ്രഖ്യാപനങ്ങൾ നടത്തിയത്.

ഇറാക്കിന്റെ ശക്തി അതിന്റെ സാംസ്കാരികവും മതപരവുമായ വൈവിധ്യത്തിലാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. ഇറാക്കിന്റെ ചരിത്രവും ഭാവിയും രൂപപ്പെടുത്തുന്നതിൽ ക്രൈസ്തവർ നിർണായക പങ്ക് വഹിക്കുന്നു. തിരികെ എത്തുന്ന കുടുംബങ്ങൾക്ക് രാജ്യം നടപ്പിലാക്കുന്ന '1 മില്യൺ പാർപ്പിട പ്ലോട്ട്' പദ്ധതിയിൽ മുൻഗണന നൽകുമെന്നും സർക്കാർ ഉറപ്പുനൽകിയിട്ടുണ്ട്. ഇതിനുപുറമേ, വിദേശങ്ങളിൽ കഴിയുന്ന ക്രൈസ്തവ വ്യവസായികളെയും നിക്ഷേപകരെയും ഇറാക്കിന്റെ പുനർനിർമാണ പ്രക്രിയയിൽ പങ്കാളികളാകാൻ പ്രധാനമന്ത്രി ക്ഷണിച്ചു. പ്രത്യേകിച്ച് ആരോഗ്യ - വിദ്യാഭ്യാസ മേഖലകളിൽ വലിയ നിക്ഷേപ സാധ്യതകളാണ് രാജ്യം വാഗ്ദാനം ചെയ്യുന്നത്.

പ്രധാനമന്ത്രിയുടെ ഈ നീക്കത്തെ കൽദായ പാത്രിയർക്കീസ് മാർ പോൾ മൂന്നാമൻ നോന അഭിനന്ദിച്ചു. വിദേശത്തു കഴിയുന്ന ഇറാക്ക് ക്രൈസ്തവർക്ക് രാജ്യത്തിന്റെ ഭാവിയെക്കുറിച്ചുള്ള ആത്മവിശ്വാസം പകരാൻ ഈ ഔദ്യോഗിക സന്ദേശം സഹായിക്കുമെന്ന് അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു. ചരിത്രപരമായ ഈ ക്ഷണത്തെ മറ്റ് സഭാനേതാക്കളും സ്വാഗതം ചെയ്തു.

പിതാക്കന്മാരുടെയും പൂർവികരുടെയും മണ്ണിൽ തങ്ങൾക്കുള്ള അവകാശത്തിന്റെ ഔദ്യോഗിക അംഗീകാരമാണ് പ്രധാനമന്ത്രിയുടെ വാക്കുകളെന്ന് സിറിയക് ഓർത്തഡോക്സ് സഭയുടെ മോസൂൾ, കിർക്കുക്ക്, കുർദിസ്ഥാൻ മേഖലകളുടെ ആർച്ചുബിഷപ് നിപ്പോദിമോസ് മാട്ടി ഷറഫ് പറഞ്ഞു. എന്നാൽ, ഇത് വിജയിക്കണമെങ്കിൽ ക്രൈസ്തവർ രാജ്യം വിട്ടുപോകാൻ ഇടയാക്കിയ കാരണങ്ങൾക്ക് പരിഹാരം കാണണം. ക്രൈസ്തവർക്കായി ഒരു പ്രത്യേക വോട്ടർ പട്ടിക പോലുമില്ലാത്ത അവസ്ഥ, നിലവാരമില്ലാത്ത ആരോഗ്യവിദ്യാഭ്യാസ സൗകര്യങ്ങൾ, യുവാക്കൾക്ക് ജോലി ലഭിക്കാത്ത സാഹചര്യം, വ്യാപകമായ അഴിമതി തുടങ്ങിയ കാര്യങ്ങളിൽ അടിയന്തിരമായി മാറ്റമുണ്ടാകണം. എങ്കിൽ മാത്രമേ വിദേശ രാജ്യങ്ങളിൽ ലഭിക്കുന്ന സുരക്ഷിതത്വവും മികച്ച ജീവിതസാഹചര്യങ്ങളും ഉപേക്ഷിച്ച് ആളുകൾ തിരികെ വരാൻ തയാറാവുകയുള്ളൂവെന്ന് ആർച്ച് ബിഷപ്പ് ചൂണ്ടിക്കാണിച്ചു.

# ഒരുക്കപ്പെട്ട ഹൃദയമുണ്ടെങ്കിൽ വചനത്തിന്റെ വ്യാപനം ശക്തമാകും....

(1-ാം പേജ് തുടർച്ച)

വെള്ളി, ശനി ദിവസങ്ങളിൽ രാവിലെ 9.30 ന് ബൈബിൾ ക്ലാസ് രാവിലെ 10.30 മുതൽ 12.30 വരെ പകൽ യോഗവും നടക്കും. വെള്ളി ഉച്ചയ്ക്ക് 2 ന് ലേഡീസ് മീറ്റിംഗും 3.30 ന് ബിസിനസ് മീറ്റിംഗും നടക്കുന്നതാണ്.ശനി ഉച്ചയ്ക്ക് 2 ന് ബൈബിൾ ക്വിസ് ഉണ്ടായിരിക്കും. വ്യാഴം, വെള്ളി, ശനി ദിവസങ്ങളിൽ വൈകിട്ട് 6.30 മുതൽ 9 വരെ പൊതുസമ്മേളനങ്ങൾ നടക്കും. ഞായർ രാവിലെ 9.30 മുതൽ സംയുക്ത സഭായോഗവും തിരുവത്താഴ ശുശ്രൂഷയും നടക്കും. വ്യാഴം മുതൽ ശനി വരെയുള്ള ദിവസങ്ങളിൽ ലൈഫ് ചർച്ചിലും ഞായറാഴ്ച എഡ്മണ്ടൻ ഓയിൽ ഫീൽഡ് ടെക്നിക്കൽ സൊസൈറ്റിയിലുമാണ് യോഗങ്ങൾ ക്രമീകരിച്ചിരിക്കുന്നത്.

വെസ്റ്റേൺ പെന്തക്കോസ്ത് കോൺഫറൻസ് ഭാരവാഹികളായ ബ്രദർ റോണി സൈമൺ മാത്യൂസ് (സെക്രട്ടറി), ബ്രദർ ജിജി ഫിലിപ്പ് (ട്രഷറാർ), ബ്രദർ ഗ്ലാഡ്വിൻ കോശി (യൂത്ത് ഡയറക്ടർ) എന്നിവരുടെ നേതൃത്വത്തിൽ വിപുലമായ കമ്മിറ്റികൾ ക്രമീകരണങ്ങൾക്ക് നേതൃത്വം നല്കുന്നു.

# അസംബ്ലീസ് ഓഫ് ഗോഡിന് മിഡിൽ ഈസ്റ്റിൽ പുതിയ റീജിയൺ



ഷാജൻ ജോൺ ഇടയ്ക്കാട്

**ദുബായ്:** മിഡിൽ ഈസ്റ്റ് രാജ്യങ്ങളിലുള്ള എ. ജി മലയാളം ഡിസ്ട്രിക്ട് സഭകളുടെ സംയുക്ത വേദിയായി എ ജി എംഡിസി മിഡിൽ ഈസ്റ്റ് റീജിയൻ രൂപീകരിച്ചു. ഭാരവാഹികളായി പാസ്റ്റർ പി.എം.ജോയി (ഡയറക്ടർ), പാസ്റ്റർ സഖറിയ എബ്രഹാം (സെക്രട്ടറി), പാസ്റ്റർ പി.എം. ജോർജ് (ട്രഷറാർ) എന്നിവരെ നിയമിച്ചു.

റീജിയൻ ഡയറക്ടർ ആയി നിയമിതനായ പാസ്റ്റർ പി.എം.ജോയി ബഹ്റിൻ അസംബ്ലീസ് ഓഫ് ഗോഡ് സഭയുടെ സീനിയർ ശുശ്രൂഷകനാണ്. ജോലിക്കായി ബഹ്റിനിലെത്തിയ അദ്ദേഹം സഭാ പ്രവർത്തനങ്ങൾ ആരംഭിച്ചതിന്റെ അമ്പതാം വർഷമാണിത്. പാസ്റ്റർ പി.എം.ജോയി 1981 മുതൽ ബഹ്റിൻ എ.ജിയുടെ ശുശ്രൂഷകനായി പ്രവർത്തിക്കുന്നു. അഞ്ചൽ എ.ജി.സഭാംഗമാണ്. ഭാര്യ പരേതയായ മേഴ്സി ജോയി. മക്കൾ : ഗ്ലാഡ്സി ഡെന്നി (ബാംഗ്ലൂർ), ജിൻസി മാത്യു (ഡാളസ്), പാസ്റ്റർ ഗിബ്സൺ ജോയി (ലക്നൗ) മരുമക്കൾ: പാസ്റ്റർ ഡെന്നി സാം, അജിത് മാത്യു, ജാനറ്റ് ജോയി. സെക്രട്ടറിയായി നിയമിതനായ പാസ്റ്റർ സഖറിയ എബ്രഹാം (സാബു) ദുബായ് ശാലേം എ.ജി.സീനിയർ ശുശ്രൂഷകനാണ്. ജോലിയോടുള്ള ബന്ധത്തിൽ ദുബായിയിലെത്തി ജോലിക്കൊപ്പം സഭാ പ്രവർത്തനങ്ങളിൽ സജീവമാവുകയായിരുന്നു. യുഎഇ യുണൈറ്റഡ് പെന്തെക്കോസ്ത് ഫെലോഷിപ്പിന്റെ പ്രസിഡന്റ് കൂടിയാണ് പാസ്റ്റർ സഖറിയ എബ്രഹാം. എ.ജി. യു.എ. ഇ സെക്ഷൻ കോർഡിനേറ്ററുമായ പാസ്റ്റർ സഖറിയ എബ്രഹാം പത്തനാപുരം എ.ജി.ഗോസ്പൽ സെന്റർ അംഗമാണ്. ഭാര്യ: സാലി സഖറിയ, മക്കൾ : സൂസൻ, ഷാരോൺ, സ്റ്റീവ് മരുമക്കൾ : രഞ്ജു രാജു, ലിനോയി കുര്യൻ, അറ്റാല.

ട്രഷറാർ പാസ്റ്റർ പി.എം. ജോർജ് ഖത്തർ (ദോഹ) ബഥേൽ എ.ജി.സഭയുടെ സീനിയർ ശുശ്രൂഷകനാണ്. ജോലിയോടൊപ്പം പാസ്റ്റർ പി.എം.ജോർജ് സുവിശേഷ പ്രവർത്തനങ്ങളിൽ സജീവമായ ഇടപെടലുകൾ നടത്തി വരുന്നു. ഖത്തർ സെക്ഷൻ കോർഡിനേറ്ററായും പ്രവർത്തിക്കുന്നു. തടിയൂർ എ.ജി.സഭാംഗമാണ്. ഭാര്യ : ജെസി ജോർജ്, മക്കൾ: ശീലാസ്, ഷാരോൺ മരുമക്കൾ: ജെഫി, സാം. അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ടിന്റെ ചരിത്രപരമായ തീരുമാനമായിരുന്നു മിഡിൽ ഈസ്റ്റ് റീജിയൺ രൂപീകരണത്തിലൂടെ നടത്തിയത്. പതിറ്റാണ്ടുകളായി എല്ലാ മിഡിൽ ഈസ്റ്റ് രാജ്യങ്ങളിലും മലയാളം ഡിസ്ട്രിക്ടിനു സഭകളുണ്ട്. സഭകൾ എല്ലാം ഡിസ്ട്രിക്ട് നേതൃത്വത്തിന്റെ നേരിട്ടുള്ള നിയന്ത്രണങ്ങളിലാണ് പ്രവർത്തിച്ചു വന്നത്. എന്നാൽ സഭകളുടെ എണ്ണം വർദ്ധിക്കുകയും ഭരണപരമായ പ്രവർത്തനങ്ങൾക്ക് റീജിയൻ രൂപീകരിക്കുന്നത് അനിവാര്യമായ സമയമായെന്നും ഡിസ്ട്രിക്ട് കമ്മിറ്റിക്ക് ബോധ്യമായതിനാൽ റീജിയൻ രൂപീകരണത്തിലേക്ക് കടക്കുകയായിരുന്നു. വിവിധ രാജ്യങ്ങളിൽ സെക്ഷനുകൾ രൂപീകരിച്ച് കോർഡിനേറ്റർമാർ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാനും പുതിയ പ്രവർത്തനങ്ങൾ ആരംഭിക്കുവാനും റീജിയനുമായി ആലോചിച്ച് നേതൃത്വം നല്കും.


അണയാത്ത അഗ്നിജ്വാല
പരിശുദ്ധാത്മശാസ്ത്രവും ഉണർവ്വിന്റെ ചരിത്രവും
പരിഷ്കരിച്ച മൂന്നാം പതിപ്പ്



ഡോ. വി.പി. ഫിലിപ്പ്




പേജ് 392
വില Rs 550/-
പോസ്റ്റേജ് സൗജന്യം
ആദ്യം വാങ്ങുന്ന 100 പേർക്ക്
'ദൈവ മനുഷ്യന്റെ വിജയരഹസ്യങ്ങൾ' എന്ന പുസ്തകത്തിന്റെ നാലാം പതിപ്പ് സമ്മാനമായി നൽകുന്നു



"ഉണർവ്വിന്റ അഗ്നിജ്വാലകൾ അണഞ്ഞിട്ടില്ല; അവ തലമുറകളെ സ്പർശിച്ചു ഇന്നും ജ്വലിച്ചുകൊണ്ടിരിക്കുന്നു. പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളും ഉണർവ്വുകളുടെ ചരിത്രവും ഒരുമിച്ചു തുറന്നു കാട്ടുന്ന ഈ ഗ്രന്ഥം, വിശ്വാസത്തെ ഉണർത്തുകയും ആത്മീയ ദാഹത്തെ ജ്വലിപ്പിക്കയും ചെയ്യുന്നു. വായിച്ചു മാറ്റി വയ്ക്കേണ്ട ഒരു പുസ്തകമല്ല, ഇതു ഉണർവ്വിനായി മുട്ടുകുത്തുന്ന ഒരു തലമുറയ്ക്കുള്ള ദൈവത്തിന്റെ ആഹ്വാനമാണ്."
ഡോ. വിൽസൺ വർക്കി

Global media mission
WhatsApp and GPay/ PhonePe number:
9447358997
Direct call: 9961515487

നിങ്ങളുടെ കോപ്പികൾ ഉറപ്പുവരുത്തുന്നതിനു നന്ദി



എ.ഐ. ജോർജ്ജുകുട്ടി
aigeorgekutty@gmail.com
9496597766

# പുതിയ 'നിയമസഭ'യും 'പുതിയനിയമ' സഭയും!!

**2026**-ലെ തിരഞ്ഞെടുപ്പിന് ശേഷം കേരളത്തിൽ പുതിയ 'നിയമസഭ' നിലവിൽ വന്നു. അതിൽ അടുത്ത അഞ്ച് വർഷത്തേക്ക് കേരളത്തിലെ ജനതയെ നയിക്കുന്നതിന് നേതൃത്വം നല്കുന്ന മുഖ്യമന്ത്രിയും, മന്ത്രിമാരും, അവർക്ക് പിന്തുണ നല്കുന്ന ഭരണകക്ഷിയിൽപ്പെട്ട ജനപ്രതിനിധികളും, ഭരണം നഷ്ടപ്പെട്ടതിനാൽ പ്രതിപക്ഷമായിരിക്കുന്ന ജനപ്രതിനിധികളും, അവരെ നയിക്കുന്ന പ്രതിപക്ഷനേതാവും, സഭാനടപടികളെ നിയന്ത്രിക്കുന്ന സ്പീക്കറെന്ന സഭാനാഥനും, ഡെപ്യൂട്ടി സ്പീക്കറുമെല്ലാം ഉൾപ്പെടുന്നു.

ഇടയ്ക്കെല്ലാം നിയമസഭാ സമ്മേളനം നടത്തുന്നു. കുറെ ദിവസങ്ങൾ അങ്ങനെ നടത്തുകയും വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുകയും തീരുമാനങ്ങൾ പാസ്സാക്കുകയുമെല്ലാം ചെയ്ത ശേഷം സഭ കുറെ കാലത്തേക്ക് പിരിയുന്നു. ഇതെല്ലാം പൊതുജനത്തിന് ഏകദേശം ധാരണയുള്ള കാര്യങ്ങളാണ്. അവരുടെ സമ്മേളന ദിവസങ്ങളിലെ നടപടികൾ തൽസമയം സംപ്രേഷണം ചെയ്യുന്നതിന് ടെലിവിഷൻ ചാനലുകൾക്ക് സാധിക്കുന്നു. ലോകത്തെവിടെയും ഇരുന്നുകൊണ്ട് അത് വീക്ഷിക്കുന്നതിന് ഇന്റർനെറ്റ് സാങ്കേതികവിദ്യ നമ്മെ സഹായിക്കുന്നു.

നിയമസഭ എന്ന് കേൾക്കുമ്പോൾ നമ്മുടെ മനസ്സിൽ ഓടിയെത്തുന്നത് തിരുവനന്തപുരത്തെ നിയമസഭാമന്ദിരത്തിനുള്ളിലെ കാഴ്ചകളാണ്. അവിടെ നടക്കുന്ന ഓരോ സംഭവങ്ങളും പറയപ്പെടുന്ന ഓരോ വാക്കുകളും അപ്പോഴപ്പോൾ രേഖയാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സദാ ജാഗ്രത പുലർത്തുന്നുണ്ട്. ഏതെങ്കിലും ഒരു അംഗം സംസാരിക്കുന്നതിനിടെ മോശം ഭാഷ ഉപയോഗിച്ചാൽ അത് സംബന്ധിച്ച് ആക്ഷേപം ഉന്നയിക്കുകയും സഭാ രേഖയിൽനിന്ന് അത് നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യുന്നത് നാം കണ്ടിട്ടുണ്ടാകും. ജനാധിപത്യത്തിന്റെ ശ്രീകോവിൽ എന്നാണ് നിയമസഭയെ വിളിക്കുന്നത്. അതിലെ ഓരോ അംഗവും പുലർത്തേണ്ടുന്ന ഒരു നിലവാരം ഉണ്ട്. തങ്ങൾ സത്യപ്രതിജ്ഞ ചെയ്ത വാക്കുകൾക്ക് വിപരീതമായി പറയുകയോ പ്രവർത്തിക്കുകയോ ചെയ്താൽ അതിന് നടപടികൾ ഉണ്ടാകും. തെറ്റായ ആരോപണങ്ങളോ, പരസ്പരബഹുമാനമില്ലാത്ത സംസാരങ്ങളോ, അന്യോന്യമുള്ള ആക്രമണങ്ങളോ ഒന്നും അനുവദനീയമല്ല. എങ്കിലും പോയകാലത്ത് നിയമസഭയ്ക്കുള്ളിൽ വാക്കേറ്റങ്ങളും കയ്യേറ്റങ്ങളും വലിയ നാണക്കേട് ഉണ്ടാക്കുന്ന സംഭവങ്ങളും അരങ്ങേറുകയുണ്ടായിട്ടുണ്ട്. അത് സംബന്ധിച്ച കേസുകൾ കോടതിയിൽ ഇതുവരെയും തീർപ്പാകാതെ കിടക്കുകയാണ്.

വാസ്തവത്തിൽ നിയമസഭ എന്ന് നാം പറയുന്ന ഈ സംവിധാനം നിയമനിർമ്മാണ സഭയാണ്. ജനങ്ങളുടെ പ്രയോജനത്തിനായി പുതിയ നിയമങ്ങൾ നിർമ്മിക്കുന്നതിനും നിലവിലുള്ള നിയമങ്ങൾക്ക് പരിഷ്കാരങ്ങൾ വരുത്തുന്നതിനും കാലഹരണപ്പെട്ടതെന്ന് കരുതുന്ന നിയമങ്ങൾ റദ്ദാക്കുന്നതിനും പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള അനുമതി നല്കുന്നതിനുമെല്ലാം അധികാരമുള്ള സംവിധാനമാണ് നിയമനിർമ്മാണ സഭ അഥവാ 'നിയമസഭ.' എന്നാൽ 'പുതിയനിയമ' സഭ എന്ന് നാം സാധാരണ പറയുന്നത് യേശുക്രിസ്തുവിന്റെ ശിഷ്യന്മാർ അംഗങ്ങളായുള്ള എ.ഡി. ഒന്നാം നൂറ്റാണ്ടിലെ ക്രൈസ്തവ സഭയെ ഉദ്ദേശിച്ചാണ്. യേശുക്രിസ്തുവിന് മുമ്പുള്ള കാലഘട്ടത്തെ പഴയനിയമ കാലം എന്നാണ് വിശേഷിപ്പിക്കാറുള്ളത്. യേശുക്രിസ്തു തന്റെ ശിഷ്യന്മാരോട് പറഞ്ഞു: "ഞാൻ എന്റെ സഭയെ പണിയും; പാതാളഗോപുരങ്ങൾ അതിനെ ജയിക്കുകയില്ല." ക്രിസ്തുവിന്റെ പുനരാഗമനം വരെ ക്രിസ്തുവിന്റെ സഭ ഈ ഭൂമിയിൽ ഉണ്ടായിരിക്കും. ക്രൂശിൽ മരിച്ച് അടക്കപ്പെട്ട് മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റ ക്രിസ്തു ദൈവപുത്രൻ എന്ന മശീഹ ആകുന്നു എന്ന സത്യം ലോകത്തിലെങ്ങും വിളിച്ചറിയിക്കുകയും അത് വിശ്വസിക്കുന്നവർക്ക് സൗജന്യമായ പാപമോചനവും നിത്യജീവനും ലഭിക്കുമെന്നും ഉള്ള സദ്വർത്തമാനം പ്രഘോഷിക്കുകയും ചെയ്യുന്നതിലൂടെയാണ് അത് ലോകമെങ്ങും പരന്നുകൊണ്ടിരിക്കുന്നത്.

കേരളത്തിലെ പുതിയ 'നിയമസഭ'യിൽ കഴിഞ്ഞ പത്ത് വർഷമായി പ്രതിപക്ഷത്തിരുന്നവരാണ് ഇപ്പോൾ ഭൂരിപക്ഷം ലഭിച്ചതിനാൽ ഭരണത്തിലേറിയിരിക്കുന്നത്. കഴിഞ്ഞ പത്ത് വർഷമായി ഭരിച്ചുകൊണ്ടിരുന്നവർ ന്യൂനപക്ഷമായതിനാൽ പ്രതിപക്ഷത്ത് ഇരിക്കുകയുമാണ് ഇപ്പോൾ.

എന്നാൽ 'പുതിയനിയമ സഭ'യുടെ നാഥൻ ക്രിസ്തുവാണ്. അവിടുന്ന് ശിരസ്സും സഭ ആ ശിരസ്സിന്റെ ഉടലും (ശരീരം) എന്ന നിലയിലുള്ള നിത്യമായ ബന്ധമാണ് ഉള്ളത്. അഞ്ച് വർഷം കൂടുമ്പോൾ മാറ്റം വരുന്ന സംവിധാനമല്ല അത്. സംസ്ഥാന നിയമനിർമ്മാണ സഭയുടെ അധികാരങ്ങളും പരിമിതികളും സംബന്ധിച്ച് നമുക്ക് ഏകദേശ ധാരണയുണ്ട്. എന്നാൽ ക്രിസ്തുവിന്റെ സഭയ്ക്കുള്ള അധികാരത്തെയും അവകാശങ്ങളെയും അതിലെ ഓരോ അംഗത്തിനുമുള്ള ശ്രേഷ്ഠ പദവികളെയും സംബന്ധിച്ച് വേണ്ടത്ര അറിവ് സഭയ്ക്കുള്ളിലെ അംഗങ്ങൾക്ക് ഇല്ലെന്നത് പരിതാപകരമായ വസ്തുതയാണ്. നാം ഓരോരുത്തരും നമുക്കുള്ള പദവിയെയും ആത്മീയ അധികാരത്തെയും കുറിച്ച് തിരുവെഴുത്ത് എന്ത് പറയുന്നുവെന്ന് പഠിക്കുകയും അത് വിശ്വസിക്കുകയും അതിൻപ്രകാരം പ്രവർത്തിക്കുകയും ചെയ്യേണ്ടതുണ്ട്. പുതിയ 'നിയമസഭ'യിൽ പ്രതിപക്ഷം ഉണ്ട്. എന്നാൽ 'പുതിയനിയമ' സഭയിൽ ഒരു പ്രതിപക്ഷം ഇല്ല! അതിലെ ഓരോ അംഗവും ക്രിസ്തുവുമായി സജീവ ബന്ധം ഉള്ളവർ ആയിരിക്കും. ക്രിസ്തുവിന്റെ സഭ, ദൈവസഭ എന്നിങ്ങനെയെല്ലാം പേരുള്ള ഈ സംവിധാനത്തെ പലതിനോടും ഉപമിച്ച് തിരുവെഴുത്ത് പഠിപ്പിക്കുന്നുണ്ട്. അതിൽ ഒന്നാണ് ക്രിസ്തു ശിരസ്സും സഭ ശരീരവും എന്ന ഉപമാനം. മറ്റൊന്ന് ക്രിസ്തു മണവാളനും സഭ മണവാട്ടിയും എന്നതാണ്. ക്രിസ്തു അടിസ്ഥാനവും സഭ അതിന്മേൽ പണിയപ്പെടുന്ന മന്ദിരവും എന്നും തിരുവെഴുത്തിലുണ്ട്. 'പുതിയനിയമ' സഭ ഒരു നിയമനിർമ്മാണ സഭ അല്ല. അത് വിശുദ്ധന്മാരുടെ കൂട്ടമാണ്, പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിലും സഹായത്താലുമാണ് അത് പ്രവർത്തിക്കുന്നത്.

എന്നാൽ ഇന്ന് വിവിധ പേരുകളിൽ അറിയപ്പെടുന്ന, പരസ്പരം ഭിന്നിച്ചും മത്സരിച്ചും നിലകൊള്ളുന്ന, ദൃശ്യമായ സകല ക്രൈസ്തവ സമൂഹങ്ങളുടെയും പ്രസ്ഥാനങ്ങളുടെയും ആകെത്തുകയല്ല പുതിയനിയമ സഭ. അത് "കർത്താവ് രക്ഷിക്കപ്പെടുന്നവരെ ദിനമ്പ്രതി 'സഭ'യോട് ചേർത്തുകൊണ്ടിരുന്നു" എന്ന തിരുവെഴുത്തിൽ (അപ്പോ. പ്ര. 2:47)പറയപ്പെട്ടിരിക്കുന്ന 'സഭ'യാണ്. അതിലേക്ക് ഓരോരുത്തരെയും ചേർക്കുന്നത് കർത്താവ് തന്നെയാണ്. അവരെ വിശുദ്ധീകരിക്കുന്നതും തേജസ്കരിക്കുന്നതും കർത്താവ് തന്നെ.

"വചനത്തോടുകൂടിയ ജലസ്നാനത്താൽ വെടിപ്പാക്കി വിശുദ്ധീകരിച്ച് കറ, ചുളുക്കം മുതലായത് ഒന്നുമില്ലാതെ ശുദ്ധയും നിഷ്കളങ്കയുമായ മണവാട്ടിയാക്കി തനിക്കുതന്നേ തേജസ്സോടെ മുൻനിർത്തേണ്ടതിന്" ക്രിസ്തു തന്നെത്തന്നെ ഏല്പിച്ചുകൊടുത്തിരിക്കുന്നത് (എഫെ. 5:26,27) ഈ സഭയ്ക്കുവേണ്ടിയാണ്. അതിലെ ഓരോ അംഗവും ലോകത്തിൽ ഏതെങ്കിലുമൊക്കെ പേരിൽ അറിയപ്പെടുന്ന ഏതെങ്കിലും സംഘടനയിലോ സമൂഹത്തിലോ പ്രസ്ഥാനത്തിലോ അംഗമായിരിക്കാം, പക്ഷേ അവർ ഉൾപ്പെട്ടുനില്ക്കുന്ന ആ സഭയാണ് യഥാർത്ഥ സഭ, മറ്റെല്ലാം വ്യാജമാണ് എന്ന് അവകാശപ്പെടുകയും വാദിക്കുകയും ചെയ്യുന്നത് മൗഢ്യമാണ്. "എന്നോട് കർത്താവേ, കർത്താവേ എന്ന് പറയുന്നവൻ ഏവനുമല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവനത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നത്. കർത്താവേ, കർത്താവേ, നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കുകയും നിന്റെ നാമത്തിൽ ഞങ്ങൾ ഭൂതങ്ങളെ പുറത്താക്കുകയും നിന്റെ നാമത്തിൽ വളരെ വീര്യപ്രവൃത്തികൾ പ്രവർത്തിക്കുകയും ചെയ്തില്ലയോ എന്ന് പലരും ആ നാളിൽ എന്നോട് പറയും. അന്ന് ഞാൻ അവരോട്: ഞാൻ ഒരുനാളും നിങ്ങളെ അറിഞ്ഞിട്ടില്ല; അധർമ്മം പ്രവർത്തിക്കുന്നവരേ, എന്നെ വിട്ടുപോകുവിൻ എന്ന് തീർത്തുപറയും" (മത്തായി 7:21-23) എന്ന് കർത്താവ് പറയുന്നിടത്ത് സൂചിപ്പിക്കുന്ന 'പലരും' ഇന്ന് കാണുന്ന 'സഭ'കളിലോ സംഘടനകളിലോ പ്രസ്ഥാനങ്ങളിലോ ഒക്കെ ഉള്ളവരും ചിലർ അതിന്റെ തലവന്മാരും വലിയ പ്രസിദ്ധിയുള്ളവരും ആയിരിക്കും.

അവർ അവകാശപ്പെട്ടതുപോലത്തെ ശുശ്രൂഷകൾ ചെയ്യുമ്പോൾ തീർച്ചയായും വലിയ ജനസ്വാധീനവും പ്രസിദ്ധിയും ആർജ്ജിച്ചിരിക്കും. വേഷഭൂഷാദികളും സ്ഥാനമാനങ്ങളും പ്രസിദ്ധിയും ജനപിന്തുണയും ഭൂരിപക്ഷത്തിന്റെ അംഗീകാരവുമെല്ലാം കൊണ്ട് ഒരാൾക്ക് പുതിയ 'നിയമസഭ'യിലെത്താൻ സാധിച്ചേക്കാം, പക്ഷേ കർത്താവ് തന്റെ സ്വന്ത രക്തത്താൽ സമ്പാദിച്ച ദൈവത്തിന്റെ സഭയെന്ന 'പുതിയനിയമ' സഭയിൽ അവർ 'ഔട്ട്' ആയിരിക്കും എന്ന് ഈ വചനം വ്യക്തമാക്കുന്നു.

## കൊടുംകുറ്റവാളിയെ മോചിപ്പിക്കാനുള്ള നീക്കം അപലപനീയം

(1-ാം പേജ് തുടർച്ച)

ള്ളുമെന്ന് പ്രതീക്ഷിക്കുന്നതായും ഭാരവാഹികൾ വ്യക്തമാക്കി.

ക്രിസ്ത്യൻ ചർച്ചസ് ഫെഡറേഷൻ വൈസ് പ്രസിഡന്റ് റെജി മാത്യുവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഉപരക്ഷാധികാരി തോമസ്ജോൺസൺ കോർ എപ്പിസ്കോപ്പാ, ഉപദേശക സമിതി അംഗം എം. പി. ജോർജ് കോർ എപ്പിസ്കോപ്പാ, ജനറൽ സെക്രട്ടറി ജോഷ്വാ മാത്യു, ട്രഷറർ ഡോ. റോബിൻ പി. മാത്യു, സെക്രട്ടറിമാരായ അഡ്വ. മനോജ് തേക്കടം, അഡ്വ. ജോൺസൺ മാത്യു, കേരള ക്രിസ്ത്യൻ ബിസിനസ് ഫോറം കോട്ടയം ജില്ലാ പ്രസിഡന്റ് ബിജു തോമസ് എന്നിവർ പ്രസംഗിച്ചു.

## കരുണ തേടുന്നവർ

ദൈവത്തിന് മഹത്വം



എന്റെ പേര് സുവിശേഷകൻ ജോൺ സെൽവൻ, നോർത്ത് ഇന്ത്യയിൽ (മുംബൈ) സുവിശേഷവേല ചെയ്തു വരികയായിരുന്നു. ഇപ്പോൾ തിരുവനന്തപുരം ജില്ലയിൽ കാട്ടാക്കടയിൽ താമസിക്കുന്നു. എന്റെ ഭാര്യ ലീലാമ്മ കഴിഞ്ഞ കുറച്ചു വർഷങ്ങളായി ക്യാൻസർ രോഗത്തെ തുടർന്ന് RCC യിൽ ചികിത്സയിലാണ്. സാമ്പത്തികമായി വളരെ ബുദ്ധിമുട്ട് അനുഭവിക്കുന്ന കുടുംബം തുടർചികിത്സയ്ക്കായി ഭാരപ്പെടുന്നു. അതിനായി ദൈവമക്കളുടെ ആത്മാർത്ഥമായ പ്രാർത്ഥനയും സഹായസഹകരണത്തിനും വേണ്ടി ദൈവനാമത്തിൽ അപേക്ഷിക്കുന്നു.

എന്ന്,

ദൈവ സ്നേഹത്തിൽ
സുവിശേഷകൻ ജോൺ സെൽവൻ

ലീല ഹൗസ്, ഇണ്ടന്നൂർ, കാട്ടാക്കട,
കണ്ടള പി. ഓ., തിരുവനന്തപുരം.
**Mob: 9947840265**

**Account Details:**
Central Bank of India
Kunnapuzha Branch
Account No. 1735518634
IFSC: CBIN 0283099

RE LOCATE TO DALLAS FOR YOUR DREAM HOUSE !!!

CALL REALTOR
**MATHEW C. SAMUEL**

SFR, ABR, SRES, SRS, GRI, AHWD
469 258 8118 - cell
BEAM REAL , ESTATE LLC
14455 WEBB CHAPEL RD
DALLAS TX 75234



Tel: 9724846644, msamuel7@yahoo.com,
www.beamrealestate.com

ചെന്നൈയിൽ മലയാളം ആരാധന



Pastor. C.K. Reji

ചെന്നൈയിൽ പുതിയതായി വരുന്നവരെ
മലയാളം ആരാധനയിലേക്ക് സ്വാഗതം ചെയ്യുന്നു.
സ്ഥലം Chromepet, Airport നും Tambaram ത്തിനും
നടുക്ക് Church of God (Full Gospel)
In India No: 25/2 New colony 13th cross street
Chromepet Chennai - 44

SUNDAY CLASS 9- 10 AM
MALAYALAM WORSHIP 10 AM - 12.30 PM

Phone - 22411060, Mob: 9382599333

*MM 60/26* US-settled, God-fearing Christian boy (26), professionally qualified with degree in business studies, currently employed with a multinational company, well-settled, talented, and family-oriented. Parents are seeking a suitable God-fearing Christian girl, preferably from the medical field, for marriage.
For further details, please contact:

**469-858-2999**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

*MM 59/26* Syrian Christian Pentecostal parents from Pathanamthitta District invite suitable proposals for their son, 45 yrs, widower since 7 years, Pastoring a church and involved in church planting ministry across India, with B.A, M.Div, ITES and persuing Doctorate from a reputed international University.
Parents of suitable girls/widows who have a calling for full-time ministry please contact

**+91 9847854225**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

*MM 58/26* CNI parents Mumbai invite proposals for their daughter, 32, DOB: 03.11.1993, 5.2ft, B.Sc. Zoology, B.Ed. MSc., M.Ed., MA English Literature., MSW, Teacher. Seeking suitable alliance from God fearing ministry minded person from anywhere in India or abroad. Better job or Business person.

**9969819656**
**Email:**
**chauhansurekha311@gmail.com**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

*MM 57/26* ആക്സിസ് ബാങ്കിൽ എൻ. ആർ.എ. ഡപ്യൂട്ടി മാനേജരായി ജോലിയുള്ള പെന്തെക്കോസ്ത് യുവാവ്. 30 വയസ്. 157 സെ.മീ. ഉയരം. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

**9207567206**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

*MM 56/26* ചേരമർ ക്രിസ്ത്യൻ പെന്തക്കോസ്ത് യുവാവ്. 29 വയസ്. 162 സെ.മീ.ഉയരം. ഹോട്ടൽ മാനേജ്മെന്റ് ഡിപ്ലോമ. കൊച്ചിയിൽ സ്റ്റാർ ഹോട്ടലിൽ എഫ്& ബി. മാനേജരായി ജോലി. അനു യോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.'

**9567525255, 9744043028**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

*MM 55/26* തന്റേതല്ലാത്ത കാരണത്താൽ നിയമപരമായി വിവാഹമോചിതയായ പെന്തക്കോസ്ത് യുവതി. 28 വയസ്. 150 സെ.മീ., ബി.എ.,അനു യോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

**9744632187**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

*MM 53/26* Syrian Christian Pentecostal parents invite proposals for their daughter, 25, DOB : 20/07/2000, 164 cm, 52 kg, BTech(Computer Science) , Worked as Quality Assurance Engineer for 1 year and 7 months, Now pursuing Masters in Engineering Management from La Trobe University, Melbourne, Australia (Final Year). Seeking proposals from boys who is baptized, well-educated, and professionally qualified. Preference to those who are settled in Australia.

**9446685615**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

*MM52/26* Pentecostal boy, 26, (March 1999), 183cm, Msc International Business Management with Project Management - Kingston University London. B.Com. Kristu Jyoti College Changanacherry. Current Profession: Team Leader@No1 Lounges Ltd, Heathrow Airport London. With prayers and God's guidance, our family is looking for God fearing, educated, baptized Pentecost girl who is warm-hearted, understanding, positive and rooted in Christian faith. Preference for someone settled or working abroad.

**Phone father: +919447008566**
**Mother: +919446867777**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

*MM51/26* ചേരമർ ക്രിസ്ത്യൻ പെന്തെക്കോസ്ത് യുവതി. 28 വയസ്സ്, 153 സെ.മീ. ഉയരം. ഡി. എം.എൽ. റ്റി., ലാബ്ടെക്നീഷ്യനായി ജോലി. സ്വദേശത്തോ വിദേശത്തോ ജോലിയുള്ള യുവാക്കളുടെ മാതാപിതാക്കളിൽനിന്നും അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

**8301892407, 8330814516**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

*MM50/26* യു.എ.ഇയിൽ ഫാർമസിസ്റ്റായി ജോലിയുള്ള, ഹൈന്ദവ പശ്ചാത്തലത്തിൽ നിന്നും പെന്തെക്കോസ്ത് വിശ്വാസം സ്വീകരിച്ച യുവതി. 30 വയസ്സ്, 158 സെ.മീ. ഉയരം. ബി.ഫാം. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു. വിദേശത്ത് ജോലി യുള്ളവർക്ക് മുൻഗണന.

**8921587858**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

*MM49/26* Syrian Christian Pentacostal parents invite proposals for their daughter, brought up in Delhi NCR (born on 28th August 1999, 5.3 feet tall) who is currently employed in Pune.






She has acquired her MBA from Christ University and B.Com from Delhi University. Seeking a born again, god fearing, professionally qualified and employed boy (preferably outside Kerala) with strong ethical and spiritual values rooted in Christ. If interested, kindly contact:

**9582005717, 8800204684**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

*MM48/26* മധ്യ തിരുവിതാംകൂറിലെ സ്വകാര്യ മെഡിക്കൽ കോളജ് ആശുപത്രിയിൽ ഡോക്ടറായി പ്രാക്റ്റീസ് ചെയ്യുന്ന ചേരമർ ക്രിസ്ത്യൻ പെന്തെക്കോസ്ത് യുവതി. 26 വയസ്സ്, 5',3' ഉയരം. എം.ബി.ബി.എസ്. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

**8921587858**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

*MM47/26* നായർ സമുദായത്തിൽനിന്നും പെന്തെക്കോസ്ത് വിശ്വാസം സ്വീകരിച്ച യുവാവ്. 35 വയസ്. പുനർവിവാഹം. 170 സെ.മീ. ഉയരം. മാൾട്ടയിൽ എൻജിനിയറിംഗ് ടെക്നീഷ്യൻ. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

**9645681023, 7025423796**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

*MM46/26* Syrian Christian Pentacostal parents invite proposals for their daughter, brought up in Delhi NCR (born on 28th August 1999, 5.3 feet tall) who is currently employed in Pune. She has acquired her MBA from Christ University and B.Com from Delhi University. Seeking a born-again, god-fearing, professionally qualified and employed boy (preferably outside Kerala) with strong ethical and spiritual values rooted in Christ. If interested, kindly contact:

**9582005717, 8800204684**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

*MM45/26* Upper-middle-class Syrian Christian Pentecostal parents invite proposals for their son, Dob: 03/09/1988, 165 cm B. Tech (CS). Currently an IT Manager at Consumerfed, Ernakulam. The groom has a fair complexion, belongs to the Church of God and hails from Konni. He is looking for a God-fearing, baptized, educated, and family-oriented bride.

**Ph. +919495026157**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

*MM44/25* Pentecostal parents invite proposal for our daughter (Minimal Ornament Wearing) 29 years, 5' 1", 13/3/1996. Professional qualifications- Masters in Development studies and Bachelor's in social work. Presently working in Bangalore. Parents of God fearing, professionally qualified and employed boys, in India or abroad please contact by phone

**WhatsApp +9181130 34181**
**or email ptk0371@gmail.com**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

*MM42/25* Syrian Chrstian Pentacostal girl 36, 5"2" (20.4.1989) M.Sc Nurse working (associate professor) seeking suitable alliance

**Ph: 7025528037**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

*MM41/25* Syrian Christian Pentecostals parents from Chennai, invite proposal for their son, 25 (January 2000), 182 cm, B E from Anna University, MBA (University of East London) Currently working at NHS Barts Health as Maternity Admin, UK. Seeking suitable alliance from parents of spiritual and educated girls in India or abroad.

**Ph: 9444951080, 9382599333**
**ckreji@gmail.com,**
**ckreji@hotmail.com**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

*MM40/25* Syrian Christian Pentecostal parents (Govt. Employed) invite suitable proposals for their daughter, 26,(DOB-28/12/1998), 167cm, fair, MA(Eng. Lit), B Ed. and presently pursuing Bank/ Govt.tests,from parents of employed Pentecost boys.

**Mob-9446909546,**
**9400751030.**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

*MM38/25* പെന്തെക്കോസ്തു വിശ്വാസിയായ മിശ്രവിവാഹിതരുടെ മകൾ 27 വയസ്സ്. M.Com (M. N.C. Deloit Hydarabad) അനുയോജ്യമായ വിവാഹാലോചനകൾ രക്ഷിതാക്കളിൽ നിന്ന് ക്ഷണിച്ചുകൊള്ളുന്നു.

**Ph: 9447579497,**
**9447863308**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

*MM37/25* Syrian Christian Pentecostals parents from Kozhanchery, invite proposal for their son 34, 178cm, MSc Biotechnology, working at Bangalore. Innocent divorcee. Seeking suitable alliance from spiritual and educated girls from India or abroad.

**Ph. +91 98471 86700,**
**9656223322,**
**8281150000**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

*MM36/25* Syrian Christian Pentacostal parents, Kottayam, invite proposal for there son 28, DOB 11-2-1997. 170cm. Completed Bachelors and currently working as Automobile Diagnostic Technician at Kottayam. Seeking Suitable alliances from Spiritual and Professional qualified girls from India or Abroad.

**Ph: 6238231410**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM28/25 Associate Pastor& Worship Leader (Nadar Christian) 26 Years (09.04.1999), 6.1. Proposal invited from parents of suitable girls.

**Ph: 8943619818**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

*MM15/25* Pentecostal boy, 6 March 1993, 180cm, Masters of Engineering in Engineering Management, born and brought up in gulf, born again, baptized and God fearing, schooling in a British curriculum International school Dubai, working as a senior Application engineer and is based in Dubai. Looking for a born again, baptised, non ornamental, God fearing, Pentecostal girl.

**+971529165874**
**usha25elizabeth@gmail.com**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

*MM18/25* ക്രിസ്ത്യൻ പെന്തെക്കോസ്തു യുവാവ് (Age 42, Hight 179, B.A Sociology, B.Th, Dip. Mission., BA. in Ministry) ജോലിയോടൊപ്പം ജീവകാരുണ്യ പ്രവർത്തനവും സുവിശേഷ പ്രവർത്തനവും നടത്തുന്നു. സ്വദേശത്തോ വിദേശത്തോ ജോലിയുള്ളതും ഇല്ലാത്തതുമായ അനുയോജ്യമായ പെൺകുട്ടികളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു. ബാധ്യത ഇല്ലാത്ത പുനർവിവാഹവും പരിഗണിക്കും.

**9847683343**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MARUPPACHA
Samakalika Pathrika
Planthottam Complex
Tiruvalla - 689 101

മരുപ്പച്ച
സമകാലിക പത്രിക

www.maruppacha.com

ജൂലൈ 20 2026

REGISTERED NEWSPAPER
R N I Reg No. 67619/97
Postal Reg. No.**KL/TLA/100/2025-27**
License No. **KL/TLA/WPP/116/2025-27**
Date of Publication 20 - 07 - 2026

ബൈബിൾ യൂറോപ്പ്
Christianity and its Beginnings
വെളിപ്പാട് പുസ്തകത്തിലെ സഭകൾ...
വിശ്വാസപ്രമാണത്തിന്റെ നാട്ടിലൂടെ...

സഭാ പിതാക്കന്മാരുടെയും രക്തസാക്ഷികളുടെയും
സഭാ കൗൺസിലുകളുടെയും നാടുകളിലൂടെ ഒരു പഠനയാത്ര

പത്മോസ് ▸ ടർക്കി
▸ ഗ്രീസ് ▸ റോം ▸ വത്തിക്കാൻ

- എഫെസൊസ്
- സ്മുർന്നാ
- പെർഗ്ഗമൊസ്
- തുയഥൈര
- സർദ്ദിസ്
- ഫിലദെൽഫ്യ
- ലവൊദിക്ക്യാ
- ഏഥൻസ്
- കൊരിന്ത്
- ഫിലിപ്യ
- തെസ്സലോനിക്യ
- ബറോവ

Beyond Patmos



12 രാത്രി
13 പകൽ



ഗൾഫ്, അമേരിക്ക, ഇംഗ്ലണ്ട്
തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ളവർക്കും
യാത്രാ സംഘത്തിൽ ചേരാൻ
ക്രമീകരണങ്ങൾ ചെയ്യുന്നു.



2026
സെപ്റ്റംബർ
14



- വിശ്വാസപ്രമാണത്തിന്റെ നാടായ നിഖ്യാ
- യോഹന്നാനെ നാടുകടത്തിയ പത്മോസ് ദ്വീപ്
- വെളിപ്പാടു പുസ്തകത്തിലെ 7 സഭകളുടെ നാടുകൾ
- പുതിയനിയമകാലത്തെ നാടും നഗരങ്ങളും
- സുവിശേഷത്തിനു സാക്ഷ്യം വഹിച്ച നാടുകൾ

91 9961720195 | +1 9143493978
e-mail: maruppacha@gmail.com | web: www.maruppacha.com

Shaji Samuel
CPA

shajisamuel.cpa
info@shajisamuel.cpa



Shaji Samuel, CPA

Company & Personal Tax Returns
Bookkeeping & Payroll Services
Business Formation
IRS Representation & Tax Planning
Medicare & Medicaid Cost Reports

2435 N Central Expy, Ste 1277
Richardson, TX 75080

+1 469 782 4423

# ഹാലേലൂയ്യാ ഇയർ ബുക്ക് വീണ്ടും പ്രസിദ്ധീകരിക്കുന്നു


മലയാളി പെന്തെക്കോസ്ത് സമൂഹത്തെക്കുറിച്ചു ള്ള ചരിത്രവും ഏറ്റവും പുതിയ സ്ഥിതി വിവരങ്ങളും ഉൾപ്പെടുത്തി ഹാലേലൂയ്യാ ഇയർ ബുക്ക് വീണ്ടും പ്രസിദ്ധീകരിക്കുന്നു. 2017 ലാണ് അവസാനമായി ഹാലേലൂയ്യാ ഇയർ ബുക്ക് പുറത്തിറങ്ങിയത്. കഴിഞ്ഞ 10 വർഷം കേരളത്തിലെ പെന്തെക്കോസ്ത് സമൂഹത്തിനുണ്ടായ മാറ്റങ്ങളുടെയും വളർച്ചയുടെയും സമഗ്രമായ വിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് പരിഷ്കരിച്ച പതിപ്പായിരിക്കും വീണ്ടും പ്രസിദ്ധീകരിക്കുന്നത്. പുതിയ എഡിഷനിലേക്കുള്ള വിവരശേഖരണ ജോലികൾ ഇതിനകം ആരംഭിച്ചു കഴിഞ്ഞു.


കേരളത്തിലെ പെന്തെക്കോസ്ത് സഭകളുടെ ചരിത്രം 1905 മുതൽ 2026 വരെ ഓരോ വർഷവും മലയാളി പെന്തെക്കോസ്ത് സഭകളുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ള സംഭവങ്ങൾ, ഓരോ പെന്തെക്കോസ്ത് പ്രസ്ഥാനത്തെയും കുറിച്ചുള്ള വിപുലമായ ചരിത്രവും സ്ഥിതിവിവര കണക്കുകളും പാരാ ചർച്ച് മൂവ്മെന്റുകൾ, മിഷനറി പ്രസ്ഥാനങ്ങൾ, ഐക്യ പ്രസ്ഥാനങ്ങൾ തുടങ്ങി നൂറുകണക്കിന് പ്രസ്ഥാനങ്ങളുടെയും സ്ഥാപനങ്ങളുടെയും കൃത്യമായ വിവരങ്ങൾ, കൂടാതെ 'ഹു ഈസ് ഹു' എന്ന പേരിൽ പ്രമുഖരായ സഭാനേതാക്കൾ മുതൽ കൺവെൻഷൻ പ്രസംഗകർ, വർഷിപ്പ് ലീഡേഴ്സ്, ഇൻഫ്ലുവൻസേഴ്സ്, യുവജന പ്രവർത്തകർ തുടങ്ങിയ വിവിധ നിലകളിൽ നിന്നുള്ള വ്യക്തികളുടെ വിവരണങ്ങൾ.

പഞ്ചായത്ത് /മുൻസിപ്പാലിറ്റി /കോർപ്പറേഷൻ അടിസ്ഥാനത്തിൽ ഓരോ സ്ഥലത്തുമുള്ള ലോക്കൽ സഭകളുടെ വിവരണങ്ങൾ, ഫോൺ നമ്പറുകൾ തുടങ്ങി 0പെന്തെക്കോസ്തുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും ഉൾപ്പെടുത്തുന്ന രീതിയിലാണ് ഇയർ ബുക്ക് തയ്യാറാക്കുന്നത്.

## വിവരശേഖരണത്തിൽ സഹകരണം തേടുന്നു

ഇയർ ബുക്കിലേക്കുള്ള വിവരങ്ങൾ ശേഖരിക്കുന്നതിൽ സഹകരിക്കുവാൻ താല്പര്യമുള്ള പെന്തെക്കോസ്ത് ശുശ്രൂഷകന്മാർ, യുവജന പ്രവർത്തകർ തുടങ്ങിയവരുടെ സഹായം ഞങ്ങൾക്ക് ആവശ്യമുണ്ട്. താല്പര്യമുള്ളവർ നിങ്ങളുടെ പേരും സ്ഥലവും വാട്സാപ്പ് ചെയ്യുക. **9349500155.**




**2027 ജനുവരിയിൽ പ്രസിദ്ധീകരിക്കും**

Printed, published and owned by Achenkunju Elanthoor, Planthottam Complex, Tiruvalla-1. Printed at MGM Offset Press, Kottayam,
Published at Planthottam Complex, Tiruvalla-1 Editor : Achenkunju Elanthoor.